പുതുവർഷാശംസകൾ


1 ജനുവരി 2020

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00

# യുറീക്ക




ആവിഷ്കരണം
കുട്ടികളുടെ രചനാപൂരം 2020
With Best Compliments
From a Well wisher
2020 ജനുവരി 6–11
കഥ,
കവിത, ചിത്രം,
സർഗാത്മക ഗദ്യം
നാലിനങ്ങളിൽ
മത്സരം
ഓരോ
ജില്ലയിലെയും മികച്ച
സ്കൂളിന് പ്രത്യേക
സമ്മാനം
ജില്ലാ
വിജയികളിൽ
നിന്നും സംസ്ഥാന
ജേതാക്കളെ
കണ്ടെത്തുന്നു
സംസ്ഥാനത്തെ
മുഴുവൻ പ്രൈമറി
വിദ്യാലയങ്ങളും
പങ്കാളികളാകുന്നു
കലാസാഹിത്യ
രംഗങ്ങളിലെ പ്രമുഖർ
വിജയികളെ
കണ്ടെത്തുന്നു.
ഓരോ
ഇനത്തിലും മൂന്ന്
പേർ വീതം. ഒരു
ജില്ലയിൽ 12 പേർക്ക്
ആകർഷകമായ
സമ്മാനങ്ങൾ
മികച്ച പ്രകടനം
കാഴ്ചവെയ്ക്കുന്ന
30 കുട്ടികൾക്ക്
സംസ്ഥാനതല
രചനാ ക്യാമ്പ്

2020
ജനുവരി 1
വാല്യം: 41
ലക്കം: 15

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം:
എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com




**ലേഖനങ്ങൾ**

6. ഗ്രിഗർ ജൊഹാൻ മെൻഡൽ :
ഡോ. ബാലകൃഷ്ണൻ ചെറൂപ്പ

8. റെഡ് ക്രോസിന്റെ കഥ; ഒപ്പം കാലൊടിഞ്ഞ കസേരയുടെയും :
മൈന ഉമൈബാൻ




ചിത്രീകരണം : അനിൽ തവായ്

**മത്സരം**

18. ഐ.എസ്.എൽ :
പി.രാധാകൃഷ്ണൻ ആലുവീട്ടിൽ

**കഥ**

14. മതിലുചാട്ടത്തിന്റെ രസം :
ജോജി കൂട്ടുമ്മേൽ

27. വർണമഴ :
സാന്ദ്ര എസ് വാര്യർ

**കവിത**

11. പുതുമഴ പെയ്തപ്പോൾ :
വേങ്ങാട്ട് മുകുന്ദൻ

37. വന്നുപോകുമ്പോൾ :
ചന്ദ്രശേഖരൻ

41. പാ(ച)കം :
വിശ്വൻ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**ഓർമ – യുറീക്ക @ 50**

38. സൈലന്റ്‌വാലിയിലെ പച്ചിലപ്രാണി : എസ്.പ്രഭാകരൻ നായർ

**നോവൽ**

12. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ

**പംക്തികൾ**

17. വരേം കുറീം
22. കാഴ്ചപ്പുറം
24. തട്ടീം മുട്ടീം
29. പീക്കിരി.ഇൻ
42. ഞാറ്റടി

**കവർ**

രാജീവ് എൻ ടി





വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.kssppublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ), എം ദിവാകരൻ (മാനേജിങ് എഡിറ്റർ), അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ് ), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

ഓരോ മൂന്ന് മിനിറ്റിലും ആ സ്കൂളിന്റെ മുകൾഭാഗത്തുകൂടി ഒരു ട്രെയിൻ കുതിച്ചുപായും. പക്ഷേ, അതൊന്നും സ്കൂളിലെ കുട്ടികൾ ശ്രദ്ധിക്കാറേയില്ല. അവർ വളരെ ശ്രദ്ധയോടെ തങ്ങളുടെ പഠനത്തിൽ മുഴുകിയിരിക്കുകയാണ്.

സ്കൂളിന് പ്രത്യേകിച്ച് കെട്ടിടമോ, മറ്റ് സൗകര്യങ്ങളോ ഒന്നും ഇല്ല! സർക്കാർ സഹായമോ, സർക്കാർ അംഗീകരിച്ച പാഠ്യപദ്ധതിയോ ഇല്ല !! അതെന്തുതരം സ്കൂളെന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടാകും. അതെ അതൊരു വിശേഷപ്പെട്ട സ്കൂളാണ്. പറയാം...

നമ്മുടെ രാജ്യതലസ്ഥാനമായ ഡൽഹിയിലാണ് ഈ സ്കൂൾ. ഡൽഹിയിലെ മെട്രോ റെയിലിനെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. മെട്രോയുടെ യമുനാബാങ്ക് (യമുനാതീരം) സ്റ്റേഷന് സമീപത്തായി പാലത്തിനടിയിലാണ് ഈ സ്കൂൾ. നിലത്തു വിരിച്ച കാർപെറ്റിൽ കുട്ടികൾ ഇരിക്കും. ഒരു വശത്തുള്ള വലിയൊരു മതിലിൽ കറുത്ത ചായമടിച്ച് നാലഞ്ച് ബോർഡുകൾ. രണ്ട് മൂന്ന് പഴയ കസേരകളും ഏതാനും ഇരുമ്പുപെട്ടികളും. ആ ഇരുമ്പുപെട്ടികളിലാണ് ഹാജർ പുസ്തകവും മറ്റ് സ്കൂൾ രേഖകളും!

അണ്ടർ ദി ബ്രിഡ്ജ് സ്കൂൾ ('Under the Bridge School') എന്നാണ് ഈ സ്കൂൾ അറിയപ്പെടുന്നത്. വേണമെങ്കിൽ നിങ്ങളതിനെ പാലക്കീഴ് സ്കൂളെന്നു വിളിച്ചോളൂ. അപ്പോൾ നമ്മുടെ അടുത്ത ഏതോ ഒരു ഗ്രാമത്തിലെ സ്കൂളെന്ന് തോന്നുന്നുണ്ടല്ലേ. മുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിനെ നമ്മുടെ നെഞ്ചോടു ചേർത്തു പിടിക്കേണ്ടതുണ്ട്. ഡൽഹി എന്ന മഹാ നഗരത്തിലെ ചേരിനിവാസികളായ കുട്ടികൾക്കുവേണ്ടിയുള്ള ഈ സ്കൂൾ തുടങ്ങിയത് രാജേഷ് കുമാർ ശർമ എന്നൊരു മനുഷ്യസ്നേഹിയാണ്. അദ്ദേഹം പണക്കാരനൊന്നുമല്ല. കുടുംബം പോറ്റാൻ ഒരു പലചരക്കുകട നടത്തുന്ന സാധാരണക്കാരൻ. വീട്ടിലെ പ്രയാസങ്ങൾ കൊണ്ട് ബിരുദ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയ ഒരാൾ.

2007 ലാണ് രാജേഷ് കുമാർ സ്കൂൾ തുടങ്ങിയത്. മെട്രോ റെയിലിന്റെ പണികൾ എവിടെ വരെയായി എന്നറിയാൻ ഒരു കൗതുകത്തിന് വെറുതെ നടക്കാനിറങ്ങിയതായിരുന്നു രാജേഷ്. സ്കൂളിൽ പോവാതെ തെരുവിൽ അലഞ്ഞു നടക്കുന്ന നിരവധി കുട്ടികൾ. മെട്രോയുടെ പണിയിലേർപ്പെട്ടിരിക്കുന്ന പാവങ്ങളുടെ മക്കളാണ് . കോളേജ് പഠനം പൂർത്തിയാക്കാൻ കഴിയാതെ പോയ അദ്ദേഹത്തിന്റെ മനസ്സിൽ വലിയ വേദനയാണ് ആ കാഴ്ച സൃഷ്ടിച്ചത്. കുട്ടികളുടെ രക്ഷിതാക്കളോട് സംസാരിച്ചപ്പോൾ അവരുടെ ദാരിദ്ര്യത്തിന്റെ അവസ്ഥ രാജേഷിന് ബോധ്യപ്പെട്ടു.



രാജേഷ് കുമാർ ശർമ

# ഇതാ ഒരു വലിയ മനുഷ്യൻ

രാജേഷിന് അധികമൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. മെട്രോയുടെ ചുവട്ടിൽ പറ്റിയ ഒരിടം കണ്ടെത്തി. കുറ്റിക്കാടുകളെല്ലാം ചെത്തി വെടിപ്പാക്കി സ്കൂളങ്ങ് തുടങ്ങി. രാജേഷ് തന്നെയായിരുന്നു അധ്യാപകൻ. രണ്ടു കുട്ടികളുമായാണ് ആരംഭം. ക്രമേണ കുട്ടികളുടെ എണ്ണം കൂടി. ഇപ്പോൾ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ രണ്ടു ബാച്ചുകളിലായി മുന്നൂറോളം കുട്ടികൾ. ഹിന്ദി, ഇംഗ്ലീഷ്, സയൻസ്, കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം എന്നിവയെല്ലാമാണ് സ്കൂളിൽ പഠിക്കാനുള്ളത്. ശനിയാഴ്ചകളിൽ സ്പോർട്സിനായി പ്രത്യേക കോച്ചിങ്ങുമുണ്ട്.

സ്വയം സന്നദ്ധരായി വന്ന് ക്ലാസെടുക്കുന്ന അധ്യാപകരാണ് സ്കൂളിനെ മുന്നോട്ടു കൊണ്ടുപോവുന്നത്. യൂണിവേഴ്സിറ്റിയിൽ നിയമം പഠിക്കുന്ന അൻഷുൽ ഗുപ്ത ചേച്ചി ഇംഗ്ലീഷും സയൻസും പഠിപ്പിക്കും. ഐ ഐ ടി യിൽ പഠിച്ച ഉമർ ഇമാം എന്ന ചേട്ടൻ ഒരു ദിവസം നാല് മണിക്കൂർ വീതം ആഴ്ചയിൽ മൂന്ന് ദിവസം ക്ലാസെടുക്കാൻ വരുന്നു. ബീഹാറിലെ നാളന്ദ സ്വദേശിനിയായ 57 വയസ്സുകാരി ലക്ഷ്മി ചന്ദ്ര ചേച്ചി പ്രധാനമായും കണക്കാണ് പഠിപ്പിക്കുന്നത്. അങ്ങനെ പലരും... ഉദാരമതികളായ ചിലർ ബിസ്കറ്റ്, കുടിവെള്ളം എന്നിങ്ങനെ പലതും സ്കൂളിന് എത്തിച്ചുകൊടുക്കുന്നു. സ്കൂളിന് പണമായി സഹായം സ്വീകരിക്കാൻ പൊതുവെ രാജേഷ് കുമാർ ഇഷ്ടപ്പെടുന്നില്ല.


തുടർച്ചയായി കുറച്ചുദിവസം സ്കൂളിലെത്താത്ത കുട്ടികളുടെ വീട്ടിലെത്താനും അവരെ വീണ്ടും സ്കൂളിലെത്തിക്കാനും രാജേഷ് മാമൻ മറക്കാറില്ല. അടിസ്ഥാന വിദ്യാഭ്യാസം കിട്ടിയ കുട്ടികളെ പടിപടിയായി അംഗീകൃത സ്കൂളുകളിലെത്തിക്കാനും രാജേഷ് മാമൻ പ്രത്യേകം ശ്രദ്ധ വെക്കുന്നു.

പതിനാലു വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണ്. അവരത് ഇപ്പോഴും ചെയ്യുന്നില്ല എന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അതേ, അവസരത്തിൽ തന്നെ ഈ വലിയ മനുഷ്യന്റെ നന്മയ്ക്കുമുമ്പിൽ നാമെങ്ങനെ തല കുനിക്കാതിരിക്കും?

**യുറീക്കാമാമൻ**

*അണ്ടർ ദ ബ്രിഡ്ജ്*
*സ്കൂളിനെക്കുറിച്ച്*
*ഒരു വീഡിയോ കാണണോ?*
*ഇതാ ഈ ക്യൂ ആർ കോഡ്*
*സ്കാൻ ചെയ്തു നോക്കൂ*

ചിത്രം കടപ്പാട്: ഹിന്ദുസ്ഥാൻ ടൈംസ്



ഡോ. ബാലകൃഷ്ണൻ ചെറൂപ്പ

**ജീനുകളാണ് പാരമ്പര്യത്തെ നിയന്ത്രിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. അവയെപ്പറ്റി പഠിക്കുന്ന ശാസ്ത്രമാണ് ജനിതകം (Genetics) അല്ലെങ്കിൽ പാരമ്പര്യശാസ്ത്രം. ജീനുകൾ രാസപരമായി എന്താണ്? എങ്ങിനെ അവ പ്രവർത്തിക്കുന്നു? ഒരു തലമുറയിൽനിന്ന് അടുത്തതിലേക്ക് അവ എങ്ങിനെ കൈമാറ്റം ചെയ്യപ്പെടുന്നു എന്നൊക്കെ ഇന്ന് തൃപ്തികരമായി വിശദീകരിക്കാൻ പറ്റും. ഇതിൽ പലതിനെപ്പറ്റിയും കൃത്യമായ അറിവുണ്ടാവുന്നത് അടുത്ത കാലത്താണ്. പാരമ്പര്യശാസ്ത്രത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശാസ്ത്രജ്ഞനാണ് ഗ്രിഗർ ജൊഹാൻ മെൻഡൽ. ജനുവരി 6 അദ്ദേഹത്തിന്റെ ചരമദിനമാണ്.**



# ഗ്രിഗർ ജൊഹാൻ മെൻഡൽ

ശാസ്ത്രജ്ഞരുടെ കൂട്ടത്തിൽ തികച്ചും നിർഭാഗ്യവാനായിരുന്നു മെൻഡൽ. വളരെ വിപ്ലവകരമായ കണ്ടെത്തലുകൾ നടത്തിയിട്ടും ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിലുള്ള യാതൊരംഗീകാരവും അദ്ദേഹത്തിന് ജീവിതകാലത്ത് ലഭിച്ചില്ല. മരിച്ച് കുറേ വർഷങ്ങൾ കഴിഞ്ഞ് പെട്ടെന്ന് പ്രശസ്തനായപ്പോൾ അദ്ദേഹത്തിന്റെ പഠനങ്ങളുടെ പഴയ റിക്കാർഡുകൾ അന്വേഷിച്ചു പോയവർക്ക് ഒന്നും കണ്ടെത്താനായില്ല. പാഴ്ക്കടലാസുകളുടെ കൂട്ടത്തിൽ വിലപ്പെട്ട ഗവേഷണരേഖകളും നശിപ്പിക്കപ്പെട്ടിരുന്നു.

1822 ജൂലൈ 20 നാണ് മെൻഡൽ ജനിച്ചത് ഇന്നത്തെ ചെക്ക് റിപ്പബ്ലിക്കിൽപ്പെടുന്ന മൊറേവിയ എന്ന സ്ഥലമാണ് ജന്മദേശം. മൊറേവിയ അന്ന് ആസ്ട്രിയ മഹാരാജ്യത്തിന്റെ ഭാഗമായിരുന്നു. പാവപ്പെട്ട ഒരു കർഷക കുടുംബമായിരുന്നു മെൻഡലിന്റേത്. കൃഷിയിലും തേനീച്ച വളർത്തലിലും ബാല്യത്തിൽ അദ്ദേഹം വലിയ താൽപ്പര്യം കാണിച്ചു. സാമ്പത്തിക പ്രയാസങ്ങൾ കാരണം പഠനം മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസം നേരിട്ടപ്പോൾ മെൻഡൽ 1843 ൽ ബ്രൂൺ എന്ന സ്ഥലത്തെ സന്യാസിമഠത്തിൽ



മെൻഡൽ

ചേർന്നു. 1851 ൽ മഠം അധികൃതർ മെൻഡലിനെ പ്രകൃതിശാസ്ത്രവും കണക്കും പഠിക്കാൻ വിയന്ന സർവകലാശാലയിലേക്ക് അയച്ചു. പഠനം കഴിഞ്ഞ് തിരിച്ചെത്തിയശേഷം സെമിനാരി സ്കൂളിൽ അധ്യാപകനായി നിയമിച്ചു. ഇവിടുത്തെ ജോലിക്കിടയിലെ ഇടവേളകളിലാണ് മെൻഡൽ തന്റെ വിഖ്യാതമായ പരീക്ഷണങ്ങൾ നടത്തിയ

ത്. സ്കൂളിന്റെ തോട്ടത്തിൽ വളർത്തിയ പൈസം സറ്റൈവം എന്ന പയർച്ചെടിയിലായിരുന്നു പരീക്ഷണങ്ങൾ. 1856 മുതൽ 1864 വരെ നടത്തിയ പഠനത്തിൽനിന്ന് എത്തിച്ചേർന്ന നിഗമനങ്ങൾ ചിട്ടപ്പെടുത്തി പ്രബന്ധരൂപത്തിൽ അദ്ദേഹം 1865 ൽ ബ്രൂൺ നാച്വറൽ ഹിസ്റ്ററി സൊസൈറ്റിയിലെ ശാസ്ത്രജ്ഞരുടെ മുമ്പിൽ അവതരിപ്പിച്ചു. പക്ഷേ, ആരും ഈ കണ്ടെത്തലുകളിൽ താൽപ്പര്യം കാണിച്ചില്ല. മെൻഡൽ തന്റെ പരീക്ഷണങ്ങളെ ഇതോടെ അവസാനിപ്പിച്ചു എന്നുതന്നെ പറയാം. സഭ അദ്ദേഹത്തിന് വൈദികനായി സ്ഥാനക്കയറ്റം നൽകി. ഈ ജോലിയിലിരിക്കേ 1884 ജനുവരി 6 ന് 61 ാം വയസ്സിൽ അന്തരിച്ചു.

മെൻഡൽ മരിച്ച് 16 വർഷങ്ങൾ കഴിഞ്ഞ് 1900 ൽ മൂന്ന് ശാസ്ത്രജ്ഞർ മെൻഡലിന്റെ തത്വങ്ങൾ വീണ്ടും കണ്ടെത്തി. മെൻഡലിന്റെ പഴയ പ്രബന്ധം അവർ പൊടിതട്ടിയെടുത്തു. ഇതോടെ മെൻഡൽ എന്ന അതുല്യ പ്രതിഭയുടെ സംഭാവനകൾ ശാസ്ത്രം തിരിച്ചറിയുകയും പ്രശംസകൾകൊണ്ട് മൂടുകയും ചെയ്തു.

മെൻഡലിന്റെ ഗവേഷണരീതിയും സൂക്ഷ്മതയും ആണ് അദ്ദേഹത്തെ കൃത്യമായ നിഗമനങ്ങളിലെത്താൻ സഹായിച്ചത്. പയർചെടികളിലെ 7 വ്യത്യസ്ത സ്വഭാവങ്ങളിലെ സവിശേഷ വ്യത്യാസങ്ങളുടെ പാരമ്പര്യമാണ് അദ്ദേഹം ആദ്യം പഠിച്ചത്. ഉദാഹരണമായി ഉയരം കൂടിയ സസ്യങ്ങളും കുള്ളൻ സസ്യങ്ങളും തമ്മിൽ സങ്കരണം നടത്തിയാണ് ഒരു പരീക്ഷണം. മറ്റേതിൽ മഞ്ഞ വിത്തുണ്ടാവുന്നവയും പച്ച വിത്തുണ്ടാവുന്നവയും തമ്മിൽ സങ്കരണം നടത്തി വിത്തിന്റെ നിറം എങ്ങിനെ പാരമ്പര്യമായി സംക്രമിക്കുന്നു എന്ന് നിരീക്ഷിച്ചു. മെൻഡലിന് മുമ്പ് പഠനം നടത്തിയവർ പല സ്വഭാവങ്ങൾ ഒന്നിച്ച് പഠിച്ചിരുന്നതിനാൽ വ്യക്തമായ നിഗമനങ്ങളിൽ എത്തിയിരുന്നില്ല. ഏഴ് സ്വഭാവങ്ങളും ഓരോന്നായി പഠിച്ചശേഷം അടുത്ത ഘട്ടത്തിൽ മെൻഡൽ ഒന്നിലധികം സ്വഭാവങ്ങളെ ഒരുമിച്ച് പഠിച്ചു. കോശഘടനയെപ്പറ്റിയും ക്രോമസോമുകളെപ്പറ്റിയും ഒന്നും അറിയാത്ത കാലത്താണ് മെൻഡലിന്റെ പഠനങ്ങൾ നടന്നത് എന്നതും ശ്രദ്ധേയമാണ്.

ഇന്ന് പാരമ്പര്യശാസ്ത്രം വളരെ വികസിച്ചിരിക്കുന്നു. ജീനുകൾ കൃത്രിമമായുണ്ടാക്കിയും ഒരു ജീവിയുടെ ജീനുകൾ മറ്റൊന്നിലേക്ക് പറിച്ചുനട്ടും ശാസ്ത്രജ്ഞർ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ഇതിനെല്ലാം തുടക്കം കുറിച്ച ഗവേഷണം നടത്തി തികച്ചും അജ്ഞാതനായി മരിച്ചുപോയ ആ ശാസ്ത്രജ്ഞനെ ഒരിക്കൽക്കൂടി ഓർക്കാം.


പൈസം സറ്റൈവം

*അധ്യാപകരോട്...*
*ഈ വീഡിയോകൾ പ്രദർശിപ്പിച്ച് മെൻഡലിന്റെ പരീക്ഷണങ്ങളെക്കുറിച്ച് ക്ലാസിൽ വിശദീകരിക്കാമോ...*

ചിത്രങ്ങൾക്ക് കടപ്പാട്: വിക്കിപീഡിയ, genoma.com , www.bbc.co.uk



മൈന ഉമൈബാൻ

ജനീവയിൽ വച്ച് അവിചാരിതമായി ഡോ. ഉണ്ണിക്കൃഷ്ണനെന്ന മലയാളിയെ പരിചയപ്പെട്ടപ്പോഴാണ് കാലൊടിഞ്ഞ കസേരയുടെ കഥയറിഞ്ഞത്.

കാസർകോഡ് സ്വദേശിയായ ഡോ.ഉണ്ണിക്കൃഷ്ണൻ 'സേവ് ദ ചിൽഡ്രൻ' എന്ന ലോക സംഘടനയുടെ ആസ്ട്രേലിയൻ ഡയറക്ടറാണ്. കുറച്ച് സമയത്തിനുള്ളിൽ ഒട്ടേറെ കാര്യങ്ങൾ അദ്ദേഹം ഞങ്ങളോട് പങ്കുവെച്ചു. ഐക്യരാഷ്ട്രസഭയെക്കുറിച്ച്, നൂറു വർഷം മുമ്പ് ലണ്ടൻ ആസ്ഥാനമായി തുടങ്ങിയ 'സേവ് ദ ചിൽഡ്രൻ' എന്ന സംഘടനയെക്കുറിച്ച്, റെഡ്ക്രോസിനെക്കുറിച്ച്... ദുരന്തങ്ങളുണ്ടാകുന്ന പ്രദേശത്തെ കുട്ടികളെക്കുറിച്ച്, ബാലാവകാശങ്ങളെക്കുറിച്ച്... അക്കൂട്ടത്തിലാണ് ജനീവയിലെ ഐക്യരാഷ്ട്രസഭാ മന്ദിരത്തിനു മുന്നിലെ കാലൊടിഞ്ഞ കസേരയുടെ കഥ അദ്ദേഹം പറഞ്ഞത്.

മുപ്പത്തിയൊമ്പത് അടി ഉയരത്തിൽ തടികൊണ്ട് നിർമിച്ച കൂറ്റൻ കസേരയുടെ ഒരു കാലാണ് ഒടിഞ്ഞിരിക്കുന്നത്. ലൂയിസ് ജനീവ എന്നയാൾ ഡാനിയേൽ ബെസെറ്റ് എന്ന കലാകാരന്റെ നിർദേശപ്രകാരം നിർമിച്ചതായിരുന്നു ആ കാലൊടിഞ്ഞ കസേര. കുഴിബോംബുകൾക്കെതിരെയുള്ള ബോധവത്ക്കരണത്തിനായി, പ്രതീകാത്മകമായാണ് 1996 ൽ ഈ സ്മാരകം ഐക്യരാഷ്ട്രസഭയുടെ മുന്നിൽ സ്ഥാപിച്ചത്.

# റെഡ് ക്രോസിന്റെ കഥ ;

## ഒപ്പം കാലൊടിഞ്ഞ കസേരയുടെയും





റെഡ്ക്രോസ് ആസ്ഥാനം

ഹാന്റി ക്യാപ്പ് ഇൻറർനാഷണലിന്റെ സഹ സ്ഥാപകനായ പോൾ വെമ്യൂലന്റെ ചിന്തയിലു ണർന്ന പദ്ധതിയായിരുന്നു കാലൊടിഞ്ഞ കസേര. അന്ന് 10 മീറ്റർ ഉയരത്തിലൊരു കസേരയാണ് അവിടെ സ്ഥാപിച്ചത്. കുഴിബോം ബുകൾക്കെതിരെ, ഒട്ടോവ ഉടമ്പടിയിൽ കൂടുതൽ രാജ്യങ്ങളെ ഒപ്പുവെപ്പിക്കുന്നതിന് വേണ്ടി ബോ ധവത്ക്കരണം നടത്തുകയായിരുന്നു ഉദ്ദേശ്യം.

ഒടിഞ്ഞ കസേര എന്ന പ്രതീകം ലോക ശ്ര ദ്ധയിൽ വരികയും തുടക്കത്തിൽ നാൽപ്പത് രാ ജ്യങ്ങൾ കുഴിബോംബിനെതിരെ ഒപ്പിടുകയും ചെയ്തു. പിന്നീട് പുതുക്കി പണിത കാലൊടിഞ്ഞ കസേരയാണ് ഇന്നു കാണുന്നത്.

കുഴിബോംബുകൾക്കും ക്ലസ്റ്റർ ബോംബുകൾ ക്കും എതിരെയുള്ള പ്രതീകമാണ് കാലൊടിഞ്ഞ കസേര. ജനീവ സന്ദർശിക്കുന്ന രാഷ്ട്രീയ–സാമൂ ഹ്യ പ്രവർത്തകർക്കും മറ്റുമുള്ള ഓർമപ്പെടുത്ത ലാണ് ഈ സ്മാരകം.

കാലൊടിഞ്ഞ കസേര പ്രതീകമാകുന്നതെ ങ്ങനെയെന്ന് ഡോ. ഉണ്ണിക്കൃഷ്ണൻ വിശദീകരി ച്ചത് അദ്ദേഹം നേരിട്ടു കണ്ട പല അനുഭവങ്ങളിൽ നിന്നായിരുന്നു. അഫ്ഗാനിസ്ഥാനിലെ കാബൂ ളിലെ ഒരു കടയിൽ ഷൂ വാങ്ങാൻ പോയ കാര്യം അദ്ദേഹം ഓർമിച്ചു. അവിടെയുള്ളതെല്ലാം ഒറ്റ ഷൂ ആയിരുന്നു. ഒരു പക്ഷേ, ഒറ്റ ഷൂ പ്രദർശിപ്പിക്കുകയും ജോഡി ആവശ്യക്കാർക്ക് എടുത്തു കൊടുക്കുക യുമാവും എന്നു കരുതി. ഒന്നിനും ജോഡിയുണ്ടാ യിരുന്നില്ല. എന്തുകൊണ്ടാണെന്ന് അന്വേ ഷിച്ചപ്പോഴാണ് അറിയുന്നത് – അവിടെ ഒറ്റക്കാൽ മാത്രമുള്ളവരാണ് ഷൂ വാങ്ങാൻ വരുന്നതെന്ന്. ഏകദേശം നാലായിരത്തോളം പേർ ഒറ്റ ഷൂവി നായി വരുന്നു. അവർ ജന്മനാ ഒറ്റക്കാലിൽ ജനിച്ചവരായിരുന്നില്ല. കുഴിബോംബ് പൊട്ടി ഒരു കാൽ നഷ്ടപ്പെട്ടവരായിരുന്നു!

അദ്ദേഹം പറയുന്ന അനുഭവങ്ങൾ വിറയ ലോടെയല്ലാതെ കേൾക്കാനാവില്ല. കേരളത്തിൽ ജീവിക്കുന്ന നമ്മൾ ഏതുതരത്തിലുള്ള ദുഃഖമാണ് യഥാർത്ഥത്തിൽ അനുഭവിക്കുന്നത്? ആഭ്യന്തര കലാപങ്ങൾ, യുദ്ധങ്ങൾ, ഭീകരത, തീവ്രവാദ പ്രവർത്തനങ്ങൾ... പല രാജ്യങ്ങളിലുമുള്ള ജനങ്ങൾ എന്തെല്ലാം പ്രശ്നങ്ങളെയാണ് ദിവസവും അഭി മുഖീകരിച്ചു കൊണ്ടിരിക്കുന്നത്. പ്രശ്നങ്ങളിൽ ജീ വിക്കുന്ന കുട്ടികളുടെ ഭാവി എന്തായി തീരും?

മൊബൈൽ ഫോണും ടാബും മറ്റും നമ്മൾ കുട്ടികൾക്ക് കൊടുക്കരുതെന്ന് പറയുന്നു. അതേ സമയം ദുരന്തബാധിത പ്രദേശത്തെ കുട്ടികളെ നല്ല പൗരരായി വളർത്തുന്നതിനും മാനസികാ ഘാതം കുറയ്ക്കുന്നതിനും നല്ല വിദ്യാഭ്യാസം നൽ കുന്നതിനും മൊബൈൽ ആപ്പുകൾ നിർമിച്ച് ടാബുകൾ കൊടുക്കുന്നതിനെപ്പറ്റിയാണ് ഡോ. ഉണ്ണിക്കൃഷ്ണന് പറയാനുള്ളത്.

ഏതു നിമിഷവും തീവ്രവാദത്തിലേക്ക് നീങ്ങി പ്പോകാവുന്ന, തെറ്റായ മാർഗങ്ങളിൽ സഞ്ചരി ച്ചേക്കാവുന്നവരെ, വിശ്വ പൗരരായി വളർത്തുവാൻ സന്നദ്ധരായ ഒട്ടേറെപ്പേരുടെ സഹായം 'സേവ് ദ ചിൽഡ്രൻ' സംഘടനയ്ക്ക് ലഭിക്കുന്നുണ്ട്.

ഡോ.ഉണ്ണിക്കൃഷ്ണൻ നൽകിയ നിർദേശപ്ര കാരം റെഡ് ക്രോസ് മ്യൂസിയം കാണാൻ പോകുന്ന വഴി കാലൊടിഞ്ഞ കസേര കണ്ടു. നേഷൻസ് ഓഫീസ് സമുച്ചയത്തിന് മുന്നിലാണ് ഇന്റർനാഷണൽ റെഡ് ക്രോസ് ആസ്ഥാനം.

ചെറിയ കുന്നിൻ ചെരുവിൽ കാട്ടു പുല്ലുകളാ ണെങ്കിലും തോട്ടത്തിനു വേണ്ടി വെട്ടിയൊതുക്കി യതാണെന്നേ തോന്നൂ. ഇടത് വശത്ത് ചെറിയൊരു പാർക്കുണ്ട്. വിശ്രമിക്കാനുള്ള ചാരു ബെഞ്ചുകൾ... മ്യൂസിയം പത്തു മണിക്കേ തുറക്കൂ.

പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതി വരെ, അപകടത്തിൽപ്പെട്ടവർക്കായി സംഘടിതവും സുസ്ഥിരവുമായ ഒരു സൈനിക നഴ്സിംഗ് സംവിധാനമോ യുദ്ധക്കളത്തിൽ പരിക്കേറ്റവരെ പാർപ്പിക്കാനും ചികിത്സിക്കാനും സുരക്ഷിതവും പരിരക്ഷിതവുമായ സ്ഥാപനങ്ങളോ ഇല്ലായിരുന്നു. 1859 ജൂണിൽ, സ്വിസ് വ്യവസായി ഹെൻറി ഡുനന്റ് ഫ്രഞ്ച് ചക്രവർത്തിയായ നെപ്പോളിയൻ മൂന്നാമനെ കാണാൻ ഇറ്റലിയിലേക്ക് പോയി. അക്കാലത്ത് അൾജീരിയയിൽ ബിസിനസ്സ് നടത്തുന്നതിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ. ജൂൺ 24 ന് വൈകുന്നേരം ഇറ്റാലിയൻ പട്ടണമായ സോൽഫെറിനോയിൽ എത്തിയപ്പോൾ, അവിടെ നടന്നുകൊണ്ടിരുന്ന യുദ്ധത്തിന് അദ്ദേഹം സാക്ഷ്യം വഹിച്ചു. ഒരൊറ്റ ദിവസം കൊണ്ട് ഇരുവശത്തുമായി 40,000 സൈനികർ മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്തു. യുദ്ധാനന്തര ഭീകരത, പരിക്കേറ്റ സൈനികരുടെ കഷ്ടപ്പാടുകൾ, വൈദ്യസഹായത്തിന്റെ അഭാവം തുടങ്ങിയ കാര്യങ്ങൾ ഹെൻറി ഡുനന്റിനെ ഞെട്ടിച്ചു. തന്റെ യാത്രയുടെ യഥാർത്ഥ ഉദ്ദേശ്യം അദ്ദേഹം പൂർണമായും ഉപേക്ഷിച്ച്, പരിക്കേറ്റവരുടെ ചികിത്സയ്ക്കും പരിചരണത്തിനും സഹായിക്കുന്നതിന് ദിവസങ്ങളോളം അവിടെ ചെലവഴിച്ചു. വിവേചനമില്ലാതെ സഹായിക്കാൻ പ്രാദേശിക ജനതയെ പ്രേരിപ്പിച്ചുകൊണ്ട് ദുരിതാശ്വാസ സഹായം സംഘടിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ജനീവയിലെ തന്റെ വീട്ടിൽ തിരിച്ചെത്തിയ അദ്ദേഹം 1862–ൽ പ്രസിദ്ധീകരിച്ച എ മെമ്മറി ഓഫ് സോൾഫെറിനോ എന്ന പുസ്തകം യൂറോപ്പിലെ പ്രമുഖ രാഷ്ട്രീയ, സൈനിക വ്യക്തികൾക്ക് അയച്ചു കൊടുക്കുകയും ചെയ്തു എന്ന് ചരിത്രം പറയുന്നു. കൂടാതെ പരിക്കേറ്റ സൈനികരെ സഹായിക്കാൻ ദേശീയ സന്നദ്ധ ദുരിതാശ്വാസ സംഘടനകൾ രൂപീകരിക്കണമെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായാണ് ഇന്റർനാഷണൽ റെഡ് ക്രോസ് കമ്മിറ്റി രൂപീകരിക്കപ്പെട്ടത്.



ലേഖിക വാർ വിക്ടിംസ് പ്രതിമകൾക്കരികെ

**ഇനിയൊരു യുദ്ധം വേണ്ട, ഇനിയും യുദ്ധ രക്ത സാക്ഷികളുണ്ടാവരുത്, ഒരു യുദ്ധത്തെയും സന്ദർശകരാരും പ്രോത്സാഹിപ്പിക്കരുത് എന്ന് പ്രതീകവത്ക്കരിക്കുകയാണ് ഫോട്ടോയിലൂടെ.**

റെഡ് ക്രോസ് മ്യൂസിയത്തിനു മുന്നിൽ കുറെ പ്രതിമകളുണ്ട്. അവർ യുദ്ധ രക്തസാക്ഷികളാണ് (war victims). സന്ദർശകർ ഈ രക്തസാക്ഷികളോട് ചേർന്ന് നിന്ന് ഫോട്ടോയെടുത്ത് സമൂഹമാധ്യമങ്ങളിലിടണമെന്ന് അവിടെ എഴുതിവെച്ചിരുന്നു. ഇനിയൊരു യുദ്ധം വേണ്ട, ഇനിയും യുദ്ധ രക്തസാക്ഷികളുണ്ടാവരുത്, ഒരു യുദ്ധത്തെയും സന്ദർശകരാരും പ്രോത്സാഹിപ്പിക്കരുത് എന്ന് പ്രതീകവത്ക്കരിക്കുകയാണ് ഫോട്ടോയിലൂടെ.

യുദ്ധത്തിന്റെ കെടുതികളിലേക്കും നഷ്ടങ്ങളിലേക്കും വിരൽ ചൂണ്ടുകയാണ് മ്യൂസിയത്തിലെ പ്രദർശന വസ്തുക്കളിലൂടെ.. രക്തം പുരണ്ട വസ്ത്രങ്ങൾ മുതൽ യുദ്ധത്തടവുകാർ വരെയുണ്ട്. രക്തസാക്ഷികൾ നമ്മുടെ മുഖത്തോട്ടു മുഖം നോക്കി അവരുടെ അനുഭവം പങ്കുവെയ്ക്കുന്നത് വേദനയോട്ടു കൂടിയല്ലാതെ കണ്ടിരിക്കാനാവില്ല.

'കാലൊടിഞ്ഞ കസേര' ശിൽപം കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ...

# പുതുമഴ പെയ്തപ്പോൾ



**വേങ്ങാട് മുകുന്ദൻ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

കരിമദയാനക്കൂട്ടം പോലെ
കാർമുകിലെത്തിയ നേരത്ത്
മാനത്താരോ പൊൻവാൾ വീശി
ദിക്കുകൾ ഞെട്ടിവിറച്ചല്ലോ!

തുള്ളിക്കൊരു കുടമെന്നതു പോലെ
പുതുമഴ പെരുമഴ പെയ്തപ്പോൾ
പാടം മുങ്ങി തോടു കലങ്ങി
മുറ്റം ചെങ്കടലായല്ലോ.

തോണിയൊഴുക്കിക്കലപില കൂട്ടി
കുസൃതികൾ മഴയിൽ നനയുമ്പോൾ
അച്ഛനുമമ്മയുമൊപ്പം ചേർന്നൂ
പിന്നെച്ചിരിയുടെ പൊടിപൂരം !





**പ്രേമജ ഹരീന്ദ്രൻ**

1

ചിത്രീകരണം: റോഷൻ

# ഭ്രമിച്ച നക്ഷത്രങ്ങൾ

"ചെരിഞ്ഞാണ്ടീ... ചെരിഞ്ഞാണ്ടീ... കൂയ്..."

കുട്ടികൾ ആർത്തുവിളിക്കുകയാണ്. പാവം സുപ്പു! അവനൊറ്റയ്ക്ക് അവരെ എന്തു ചെയ്യാൻ?

"എടാ ചെരിഞ്ഞാണ്ടീ..."

സുപ്പു തിരിഞ്ഞു നിന്നു.

"എടാ, ഞാൻ ചെരിഞ്ഞാണ്ടിയല്ല. എനിക്കേയ്... നല്ല പേരുണ്ട്. സുപ്പു. അല്ലല്ല... അബു സുഫിയാൻ."

കുട്ടികൾ പൊട്ടിച്ചിരിച്ചു. കൂട്ടത്തിൽ ഏറ്റവും പ്രായം കൂടിയവൻ പറഞ്ഞു.

"അതിന് നിന്നെ കാണുമ്പോൾ ആ പേര് തോന്നണ്ടേ? ചെരിഞ്ഞാണ്ടിയാ നിനക്ക് ചേരുന്ന പേര്. അല്ലേടാ?"

അവൻ കൂട്ടുകാരെ നോക്കി.

"ശരി; വിളിച്ചോടാ. റെഡി... വൺ... ടൂ... ത്രീ..."

"ചെരിഞ്ഞാണ്ടീ..."

എട്ട് തൊണ്ടകളിൽ നിന്ന് ഒന്നിച്ചുള്ള ശബ്ദം.

സുപ്പുവിന് ശരിക്കും സങ്കടം വന്നു. അവൻ തലതാഴ്ത്തി മുന്നോട്ട് നടന്നു.

"എന്തിനാ ഈ പിള്ളാരെപ്പോഴും എന്നെ കളിയാക്കുന്നത്?" അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

'ചെരിഞ്ഞാണ്ടി' – ആ പേര് കേൾക്കുമ്പോ സുപ്പുവിന് സങ്കടം വരും. പോളിയോ വന്നതിനാൽ അവന്റെ ഒരു കാലിന് അത്ര സ്വാധീനമില്ല. അതുകൊണ്ട് ഒരു ഭാഗത്തേക്ക് ചെരിഞ്ഞു ചെരിഞ്ഞാണവന്റെ നടപ്പ്.

ശരീരത്തിന് ചേരാത്തത്ര വലിപ്പമുള്ള തല. കളിക്കുമ്പോൾ വീണ് രണ്ട് പല്ല് പൊട്ടിയതിനാൽ മേൽവരിയിൽ ഒരു വലിയ വിടവുണ്ട്. ചില അക്ഷരങ്ങളും അവനെ കളിപ്പിക്കും. എത്ര ശ്രമിച്ചാലും 'ട'യും 'ഷ'യും സുപ്പുവിന് പിടികൊടുക്കുകയേയില്ല.

ദാമോദരേട്ടന്റെ കടയുടെ മുന്നിലെത്തിയപ്പോഴാണ് ഉമ്മ എന്തൊക്കെയാണ് വാങ്ങാൻ പറഞ്ഞതെന്ന് സുപ്പു ഓർത്തുനോക്കിയത്. ഇല്ല! ഒന്നും ഓർമ വരുന്നില്ല. ആ പിള്ളേർ കളിയാക്കിയപ്പോൾ എല്ലാം മറന്നു പോയി. ഇനി എന്തു ചെയ്യും!



കടയുടെ മുന്നിൽ

നിരത്തിവച്ച സാധനങ്ങളോരോന്നും സുപ്പ സൂക്ഷിച്ച് നോക്കി. മുന്നിൽത്തന്നെയുണ്ട് നല്ല ഭംഗിയിൽ ഓറഞ്ച്നിറത്തിലുള്ള കാരറ്റ്. നല്ല തുടുതുടുത്ത ചുവപ്പൻ തക്കാളി. കൂട്ടത്തിൽ ഏറ്റവും ഭംഗി അവയ്ക്ക് തന്നെയാണ്. അതു തന്നെയായിരിക്കും ഉമ്മയ്ക്ക് ഇഷ്ടം. ഇന്നലെ വൈകുന്നേരം കൂടി അപ്പുറത്തെ സുഹ്റത്താത്തയോട് ഉമ്മ പറയുന്നത് കേട്ടതാണ്.

"ന്റെ സൂറാ, നിനക്കിത്തിരി മൊഞ്ചായിട്ടൊക്കെ നടന്നൂടേ? പെണ്ണുങ്ങളായാ കാണാനിത്തിരി മൊഞ്ചൊക്കെ വേണം."



അതെന്താ ഉമ്മാ പെണ്ണുങ്ങക്കേ മൊഞ്ചു വേണ്ടൂ ആണുങ്ങക്ക് വേണ്ടേ എന്ന് അപ്പോൾ ചോദിക്കണമെന്ന് തോന്നിയിരുന്നെങ്കിലും സുപ്പ ചോദിച്ചില്ല.

എന്തായാലും ആ മൊഞ്ചത്തി സാധനങ്ങളും വാങ്ങി സുപ്പ വീട്ടിലെത്തുമ്പോൾ ഉമ്മ അവനെയും കാത്ത് വഴിയിലിറങ്ങി നിൽപ്പായിരുന്നു.

"ഇതെന്താ മോനേ ഇത്രയും വൈകിയത്?

സുപ്പ ഒന്നും മിണ്ടാതെ സഞ്ചി ഉമ്മയുടെ കയ്യിൽ കൊടുത്തു.

സഞ്ചി തുറന്നുനോക്കിയ ഉമ്മ അന്തം വിട്ടുപോയി.

"ഇതെന്താടാ കാരറ്റും തക്കാളീം? അരിയെവിടെ? ഉപ്പും മുളകുമൊന്നുമില്ലെ?"

അയ്യോ! അപ്പോ അരിയായിരുന്നോ വാങ്ങിക്കേണ്ടത്! സുപ്പ പരിഭ്രമിച്ചു.

"പടച്ചോനേ, മോന്തിക്ക് ഇന്ന് അത്താഴത്തിന് എന്താ ചെയ്യ്വാ? വെള്ളോം അടുപ്പത്ത് വെച്ച് അരി വാങ്ങിക്കാൻ പറഞ്ഞയച്ചതാ. വാങ്ങിക്കൊണ്ടന്നതു കണ്ടില്ലേ!

ന്റെ മോനൊരു കാര്യം ചെയ്യ്. ഈ കാരറ്റ് മുഴുവൻ ആ വെള്ളത്തിലിട്ട് പുഴുങ്ങിത്തിന്ന്, ഇന്ന് രാത്രി. ഹല്ല പിന്ന! ഇങ്ങനെയൊരു മണ്ടൂസൻ!"

സുപ്പുവിന് നേരത്തെ അടക്കിവെച്ച സങ്കടം അണപൊട്ടി. നിലത്തുവിരിച്ചിട്ട പായയിൽ കമഴ്ന്നു കിടന്ന് അവൻ കരഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ പുറത്താരോ തടവിയത് പോലെ അവന് തോന്നി. ഉമ്മയാണ്.

"ന്റെ മോന് സങ്കടം വന്നോ? പോട്ടെ, ഉമ്മ വെറുതെ പറഞ്ഞതല്ലേ. വാ വന്നു കഞ്ഞി കുടിക്ക്."

"നിക്ക് വേണ്ട."

സുപ്പ ഒന്നുകൂടി ചുരുണ്ടു കിടന്നു.

"മോന് വേണ്ടെങ്കി ഉമ്മയ്ക്കും വേണ്ട. ഉമ്മ കരയാൻ തുടങ്ങിയപ്പോൾ സുപ്പുവിന് സങ്കടം തോന്നി.

പാവം ഉമ്മ! ഉമ്മയ്ക്ക് സുപ്പ വേയുള്ളൂ. സുപ്പുവിന് ഉമ്മയും. അവൻ എഴുന്നേറ്റ് ഉമ്മയുടെ തട്ടം കൊണ്ട് കണ്ണീര് തുടച്ചു കൊടുത്തു.

"വാ ഉമ്മ ബെശക്കണ്, കഞ്ഞി കുടിക്കാം." സുപ്പുവിന് വിളമ്പിക്കഴിഞ്ഞ് കലത്തിൽ വെറും വെള്ളം മാത്രമേയുള്ളൂവെന്ന് സുപ്പ കണ്ടുപിടിച്ചു.

"ഉമ്മയെന്താ കഞ്ഞി കുടിക്കാത്തെ?"

"മക്കള് കുടിക്ക്; ഉമ്മ പിന്നെ കുടിച്ചോളാം."

"അതു വേണ്ട," അവൻ ഒരു പാത്രമെടുത്ത് ഉള്ള കഞ്ഞി രണ്ടായി പകുത്ത് ഒന്ന് ഉമ്മയുടെ മുന്നിലേക്ക് നീക്കിവെച്ചു. ഉമ്മയുടെ കണ്ണുനിറഞ്ഞു.

കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഉമ്മ ഒരു കാര്യം ഓർത്തത്.

"സുപ്പ സ്കൂളീന്ന് ടീച്ചറ് വന്നിരുന്നു. നീ സ്കൂളിൽ ചെല്ലണംന്ന് പറഞ്ഞു."

"ങേ! സ്കൂളിൽ ചെല്ലാനോ! ഏയ് ഞാനില്ല." ഇനിയങ്ങോട്ട് പോവില്ലാന്ന് ഉറപ്പിച്ചതാ. മുമ്പ് സ്കൂളിൽ പോയപ്പോഴുണ്ടായ അനുഭവങ്ങൾ സുപ്പ ഓർത്തു.

*(തുടരും)*



**ജോജി കുട്ടുമ്മേൽ**

ചിത്രീകരണം: രാജീവ് എൻ ടി



# മതിലുചാട്ടത്തിന്റെ രസം

വിനീഷ് ഗോപി എന്നൊരു മൂപ്പരുണ്ടായിരുന്നു. കുറേക്കാലം മുമ്പുള്ള ഒമ്പതാം ക്ലാസ്സിലെ കഥയാണ്. പേര് കേട്ടാൽ സുരേഷ് ഗോപീടെ ആരാ എന്ന് ചോദിക്കാൻ തോന്നും. ആളെ അടുത്തറിഞ്ഞാൽ ആ ഗോപീടെ ആരുമല്ല ഈ ഗോപി എന്ന് മനസ്സിലാവും. എങ്ങനാന്ന് ചോദിച്ചാൽ നമ്മുടെ ഈ ഗോപി ആളൊരു തമാശക്കാരനാണ്. എന്തിനും ഏതിനും പുള്ളിക്ക് സ്വന്തമായ ഒരു വഴീണ്ടാവും. ചിലപ്പോൾ അൽപ്പം വളഞ്ഞ വഴി.

ഒരുദാഹരണം പറയാം.

വിനീഷ് ഗോപി മതിൽ ചാടിക്കടന്നേ സ്കൂളിൽ വരൂ. പഴയ കാലമല്ലേ, അന്ന് സ്കൂളിന് ഇന്നത്തെ മാതിരി അടച്ച് പൂട്ടാവുന്ന ഉറപ്പുള്ള ഗേറ്റൊന്നുമില്ല. മൈതാനത്തിന്റെ രണ്ടുവശത്തും എപ്പോഴും തുറന്ന് കിടക്കുന്ന ഗേറ്റുകളാണുള്ളത്. പകൽ സമയത്ത് നാട്ടുകാരുടെ വഴിയാത്ര പോലും സ്കൂൾ മുറ്റത്ത് കൂടിയായിരുന്നു. മലയാളം പഠിപ്പിക്കുന്ന സോമശേഖരൻ മാഷ് പറയും, ജി ശങ്കരക്കുറുപ്പിന്റെ കവിത പോലാണ് നമ്മുടെ സ്കൂൾ മുറ്റമെന്ന്. എന്നിട്ട് സ്വയം ചിരിച്ചുകൊണ്ട് ആ കവിത പതുക്കെച്ചൊല്ലും.

'ജീവിതം പോലെ രണ്ടറ്റവും കാണാത്തൊരാ വഴിയിങ്കൽ തനിച്ച് ഞാൻ...'

അതാണ് നമ്മടെ സ്കൂൾ മുറ്റം. ഈ മുറ്റത്തേയ്ക്കാണ് വിനീഷ് ഗോപി മതിൽ ചാടി വരുന്ന

ത്. മതിലെന്ന് വച്ചാ പുറത്തുന്ന് നോക്കിയാ വല്യ പൊക്കമൊന്നുമില്ല. കാരണം പുറത്ത് ടാറിട്ട റോഡാണ്. റോഡിത്തിരി പൊങ്ങിയതാണ്. അതുകൊണ്ട് റോട്ടീന്ന് മതിലുമ്മേൽ കേറാൻ വല്യ ബുദ്ധിമുട്ടൊന്നുമില്ല. ആദ്യം പുസ്തകസഞ്ചി മതിലിന്റെ മോളില് വയ്ക്കണം. പിന്നെ രണ്ട് കൈയും മതിലിൽ കുത്തി മുകളിലേയ്ക്ക് പൊങ്ങുക. പൊങ്ങുന്നതിനിടയിൽ മൊത്തം ശരീരം ഒരു നൂറ്റമ്പത് ഡിഗ്രി തിരിയും.

ഗോപി മതിലിന്റെ മുകളിൽ ഇരുന്നുകൊണ്ട് പ്രവേശിക്കുന്ന സ്ഥിതി!

പക്ഷേ, മതിലിന്റെ മോളീന്ന് സ്കൂൾ മുറ്റത്തേയ്ക്കിറങ്ങുക അത്രയെളുപ്പമൊന്നുമല്ല. മുറ്റം താണതാണ്. പുല്ലും പടർപ്പും പിടിച്ചതാണ്. കുപ്പിച്ചില്ലോ കരിങ്കൽ ചീളോ കാണാനിടയുണ്ട്. പക്ഷേ, വീനീഷ് ഗോപിക്ക് സുരക്ഷിത സ്ഥലത്ത് കൃത്യമായി ലാൻഡ് ചെയ്യാനറിയാം. ഇന്നുവരെ ഒരപകടവും ഉണ്ടായിട്ടില്ല. എന്നുവച്ച് ഇനിയുണ്ടാവില്ലെന്ന് ഉറപ്പൊന്നുമില്ല.

ഒരു ദിവസം നമ്മുടെ ഗോപി ചാടി വീണത് നേരെ ഹെഡ്മിസ്ട്രസ്സിന്റെ മുമ്പിൽ. ഹെഡ് മിസ്ട്രസ്സ് ആളൊരു കടുപ്പക്കാരിയാണ്. പക്ഷേ, തമാശയ്ക്കും നർമബോധത്തിനും ഒട്ടും കുറവില്ല.

"എന്താ ന്റെ ഗോപിയേ, നിനക്ക് ഗേറ്റ് കടന്ന് വന്നൂകൂടേ? ഈ മതിലിന്റെ മേലേ കൂടി ചാടണ്ട കാര്യെന്താ," എന്ന് ടീച്ചർ.

"ഗേറ്റ് വഴി ചുമ്മാ വരാനൊരു രസംല്ല ടീച്ചറേ, തന്നേമല്ല എങ്ങനേലും സ്കൂളിൽ വന്നാപ്പോരേ", എന്ന് ഗോപി. "സ്കൂളിൽ വന്നിട്ട് എന്തു വേണംന്ന് ടീച്ചർ പറഞ്ഞോ. പക്ഷേ, എങ്ങനെ വരണംന്ന് തീരുമാനിക്കാനുള്ള അവകാശം എനിക്കില്ലേ?"


ഗോപിയുടെ ന്യായവാദത്തിൽ ടീച്ചർക്ക് ഉത്തരം മുട്ടി.

"എന്നാ എന്റെ ഗോപിയേ നീയെനിക്കൊരു ഉപകാരം ചെയ്യണം," എന്ന് ടീച്ചർ താണു.

"എന്താ ടീച്ചറേ," എന്ന് സകലതിനും സന്നദ്ധനായി ഗോപി.

"നാളെ വരുമ്പോൾ ആ രാമങ്കരിക്കവലയിലെ നവീനൻ ഡോക്ടറുടെ ക്ലിനിക്കിൽ പോയി ഡോക്ടറുടെ ഫോൺ നമ്പർ ഒന്ന് വാങ്ങി വരണം."

"ഓ," ഗോപിക്ക് ഒന്നല്ല പത്ത് വട്ടം സമ്മതം. കക്ഷി ക്ലാസ്സിലേയ്ക്ക് ഓടി. പിറ്റേന്ന് ഗോപിക്കുട്ടൻ പൂർവാധികം ഭംഗിയിൽ മതില് ചാടി അകത്തുവന്നു. നേരെ



> **മതിലുമ്മേൽ കേറാൻ വല്യ ബുദ്ധിമുട്ടൊന്നുമില്ല. ആദ്യം പുസ്തകസഞ്ചി മതിലിന്റെ മോളില് വയ്ക്കണം. പിന്നെ രണ്ട് കൈയും മതിലിൽ കുത്തി മുകളിലേയ്ക്ക് പൊങ്ങുക.**

ഹെഡ് മിസ്ട്രസ്സിന്റെ മുറിയിലേയ്ക്ക് വച്ചുപിടിച്ചു. നവീനൻ ഡോക്ടറുടെ ഫോൺ നമ്പർ എഴുതിയ കടലാസ്സ് തുണ്ട് പോക്കറ്റിൽ നിന്നെടുത്ത് ടീച്ചർക്ക് നീട്ടി. ടീച്ചർ തുണ്ട് വാങ്ങി വായിച്ചു. പിന്നെ മറ്റൊരു കടലാസ്സ് തുണ്ടെടുത്ത് അതേ നമ്പർ കുറച്ച് കൂടി വലുതായി വ്യക്തമായി വായിക്കാവുന്ന തരത്തിൽ എഴുതി. പിന്നെ തുണ്ട് മടക്കി ഗോപിയുടെ പോക്കറ്റിൽ തന്നെ ഇട്ടുകൊടുത്തുകൊണ്ട് പറഞ്ഞു.

"ഇത് എപ്പോഴും പോക്കറ്റിൽ ഉണ്ടാവണം."

ഗോപി അമ്പരന്നു, "എന്തിന്?"

"ച്ചുമ്മാ കിടക്കട്ടടാ.., മതില് ചാടി വല്ല കയ്യോ കാലോ ഒടിഞ്ഞാൽ പെട്ടെന്ന് വിളിക്കാല്ലോ..! പിന്നെ ആപ്പീസ് ശിപായി ശശിയേട്ടനെ വിളിച്ച് ആ മതിലിനോട് ചേർന്നുള്ള ഭാഗം പുല്ലും പടർപ്പും ഒന്ന് വെട്ടി വൃത്തിയാക്കിയേക്കു. വല്ല കുപ്പിച്ചില്ലോ കരിങ്കല്ലോ ഉണ്ടെങ്കിൽ എടുത്ത് മാറ്റിയിട്ടേക്കു. മ്മടെ വിനീഷ് ഗോപിക്ക് ചാടാനാ... എന്നൊരു നിർദേശവും കൊടുത്തു.

പിറ്റേന്നുണ്ട്, ഞാൻ നോക്കുമ്പോൾ വിനീഷ് ഗോപി സാധാരണ മട്ടിൽ ഗേറ്റ് കടന്ന് വരുന്നു.

ഞാൻ ചോദിച്ചു, "എന്താടോ മതിൽ ചാടിയില്ലേ?"

"ഓ, ഇല്ല." എന്ന് അവൻ

"എന്ത് പറ്റി," എന്ന് ഞാൻ

"ചാടിക്കോളാൻ ടീച്ചർ പറഞ്ഞാൽ പിന്നെ ചാടാനൊരു രസം ല്ല മാഷേ..!!"


THE KERALA LAND DEVELOPMENT CORPORATION LTD.
(A Government of Kerala Undertaking)

*A venture in Water conservation*
*and*
*promotion of Agriculture*

*'Sahasra Sarovar'*
*Expertise in implementation of projects for Land development in Agricultural Sector*

**Registered Office**
Near Rama Nilayam,
chembukavu, Thrissur - 680020
Ph : 0487 2331092, Fax : 0487 2331066

**Administrative Office**
Museum Bains Compound
Kowdiar P.O., Thiruvananthapuram- 695003
Ph : 0471 2315001, 0471-2319596

E-mail : ho@kldc.org | kldctvm@gmail.com
Web : www.kldc.org

# വരേം കുറീം



കുട്ടികൾക്കുള്ള രചനാ
മത്സര പംക്തിയാണ് വരേം കുറീം.

രചനകൾ കിട്ടേണ്ട അവസാന
തിയ്യതി ജനുവരി 15



## സുന്ദരകാലം

ചിത്രീകരണം:
അനിൽ തമ്പായ്

കിളികൾക്കെല്ലാം എന്തൊരു പ്രസരിപ്പ്. തൊടി നിറയെ ചാടിയും പറന്നും കിളികളുടെ ഹർഷാരവം.

പൂക്കളെല്ലാം മിഴിതുറന്ന് പുഞ്ചിരി തൂകി നിൽക്കുകയാണ്.

കിളികൾ എല്ലാ പൂക്കളോടും ലോഹ്യം പറഞ്ഞു.

പൂച്ചെടികൾക്ക് ഉയരത്തിലായി മരങ്ങൾ നിന്നിരുന്നു. ചില്ലകൾ വീശി അവ കിളികളെ സ്വാഗതം ചെയ്തു. ഇലത്താളം മീട്ടി പാട്ടുപാടി.

സൂര്യനും പ്രഭചൊരിഞ്ഞ് കിളികളോട് കണ്ണിറുക്കി.

അപ്പോൾ മരക്കൊമ്പിലിരുന്ന് ഒരു കിളി പറഞ്ഞു:

എന്തൊരു സുന്ദര കാലമാണിത്. പ്രകൃതിയെ കണ്ടിട്ടും കണ്ടിട്ടും കൊതി തീരുന്നില്ല. അപ്പോൾ മറ്റൊരു പക്ഷി നീട്ടി പാടി.

***മഴ വരും കാലങ്ങൾ***
***മാറിവന്നു.***
***കുളിർപെയ്യും മഞ്ഞും***
***മറഞ്ഞു നിന്നു.***

പക്ഷിയുടെ പാട്ട് ഇഷ്ടമായോ? അപ്പോൾ അതാണ് കാരണം. ഇനി ബാക്കി വരികൾ ചേർത്ത് പൂരിപ്പിച്ച് സുന്ദരകാലത്തെ തുറന്നുകാട്ടൂ.

മികച്ച 'കവിതാപൂരണ'ങ്ങൾ പ്രസിദ്ധീകരിക്കാം.

കവിതാ പൂരണം എഴുതി അയച്ചുതരേണ്ട അവസാന തീയതി 2020 ജനുവരി 15 ആണ്. വരികൾക്കൊപ്പം പൂർണ വിലാസവും സ്കൂൾ വിലാസവും ചേർക്കണേ.

അയയ്ക്കേണ്ട വിലാസം:
**വരേം കുറീം, യുറീക്ക,**
**ചാലപ്പുറം –673002.**








**പി രാധാകൃഷ്ണൻ ആലുവീട്ടിൽ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# ഐ. എസ്. എൽ.



കൈ സോപ്പിട്ടു കഴുകി നിമിഷ ഭക്ഷണം കഴിക്കാൻ തുടങ്ങി. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തിയാൽ നല്ല വിശപ്പാണവൾക്ക്. ഇന്ന് ഒന്നും കഴിക്കാൻ കഴിയുന്നില്ല. എഴുന്നേറ്റ് കൈ കഴുകി നിമിഷ ഉമ്മറത്ത് അച്ഛനേയും കാത്തിരിന്നു. അധിക നേരം കഴിയും മുമ്പേ അച്ഛനെത്തി.

അച്ഛനെ കണ്ടതും ഒന്നും പറയാനാവാതെ അവൾ വിതുമ്പി കരയാൻ തുടങ്ങി. അച്ഛൻ അവളെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. അച്ഛൻ ഒന്നും ചോദിച്ചില്ല. കരച്ചിൽ നിർത്തി അവൾ തന്നെ പറയാൻ തുടങ്ങി.

അച്ഛാ, ഞാനിന്ന് ഒരു കുട്ടിയെ പരിചയപ്പെട്ടു. അവളും ഞങ്ങളുടെ സ്കൂളിൽ തന്നെ ഉള്ളതാ. ഈ വർഷം സ്കൂളിൽ വന്നു ചേർന്ന കുട്ടിയാ. ആറാം ക്ലാസിലാണ് പഠിക്കുന്നത്. പക്ഷേ, ഞാനാദ്യമായാണവളെ കാണുന്നതു തന്നെ.

അച്ഛൻ തലയാട്ടി. തുടർന്ന് പറയാൻ അവസരം

നൽകിക്കൊണ്ട് കസേരയിൽ ഇരുന്നു.

ഞാൻ നേരെ ചെന്ന് അവളോട് സംസാരിക്കാൻ തുടങ്ങി. നിമിഷ തുടർന്നു. അപ്പോഴാണ് ഷാന പറഞ്ഞത് അവൾക്ക് പറയാനും കേൾക്കാനും കഴിയില്ലാന്ന്. അധികസമയവും അവൾ നിശ്ശബ്ദയായി ക്ലാസിലിരിക്കുകയാത്രെ. എനിക്കാകെ വല്ലാണ്ടായി. ഉച്ച സമയത്തൊക്കെ സ്കൂളിൽ എന്തൊരു കോലാഹലമാണെന്നോ?

ആ നേരത്തും ഒരു ശബ്ദവും കേൾക്കാതെ നിൽക്കുന്ന അവളെ കുറിച്ച് ഓർത്തപ്പോൾ സങ്കടം വന്നു. നിമിഷയുടെ തൊണ്ടയിടറി.

വിഷമിച്ചിരുന്നാൽ അതിന് പരിഹാരമുണ്ടാവില്ലല്ലോ മോളേ.. അവളെ സഹായിക്കാൻ നമുക്ക് എന്തു ചെയ്യാൻ പറ്റുമെന്ന് ആലോചിക്കുകയല്ലേ വേണ്ടത്.. നിമിഷയുടെ തോളിൽ തട്ടിക്കൊണ്ട് അച്ഛൻ എഴുന്നേറ്റു.

എങ്ങനെയാ അച്ഛാ? നിമിഷ അത്ഭുതത്തോടെ അച്ഛനെ നോക്കി.

ISL... അച്ഛൻ ചിരിച്ചു. നിനക്കുള്ള പുതിയ വെല്ലുവിളി

ഐ.എസ്.എല്ലോ? അത് ഫുട്ബോൾ കളിയല്ലേ. നിമിഷ സംശയിച്ചു

നീ ഇത് പരിശോധിക്ക്. അച്ഛൻ മൊബൈലെടുത്ത് അതിലെ കുറെ ചിത്രങ്ങൾ അവൾക്ക് കാണിച്ചുകൊടുത്തു.

നീ ഇതെല്ലാം നോക്കുമ്പോഴേക്കും അച്ഛൻ തയ്യാറായി വരാം എന്നും പറഞ്ഞ് അകത്തേക്ക് പോയി.

കുറെ ആംഗ്യങ്ങളും അതിന്റെ അർത്ഥവും ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്നു.

ഹലോ ഹൗ ആർ യു?

വാട്ട് ഈസ് യുവർ നെയിം?

നിമിഷ ഓരോന്നും ശ്രദ്ധയോടെ വായിച്ചു.

കുളിയും കാപ്പി കുടിയുമെല്ലാം കഴിഞ്ഞ് അച്ഛൻ വരുമ്പോഴേക്കും അവൾ ചിത്രം നോക്കി രണ്ട് വാചകം പഠിച്ചിരുന്നു.

ഞാൻ കാണിക്കാം, അച്ഛൻ ഉത്തരം പറയണം.

നിമിഷ മൊബൈലിൽ നോക്കി ആംഗ്യം കാണിച്ചു.

അച്ഛൻ ഒന്നും മനസ്സിലാവാതെ അന്തം വിട്ട് നിൽക്കുന്നതു കണ്ട് അവൾക്ക് ചിരിയടക്കാനായില്ല.

അച്ഛാ ഇതാണ് ഇന്റർ നാഷണൽ സൈൻ ലാംഗ്വേജ്. ഇതല്ലേ അച്ഛൻ പറഞ്ഞ ഐ.എസ് എൽ. ഇനിയെനിക്ക് അവളോട് സംസാരിക്കാലോ! നിമിഷയ്ക്ക് സന്തോഷം അടക്കാനായില്ല.

ഇത്രേം വേഗം നീ ചിത്രം നോക്കി ഇതൊക്കെ




പഠിച്ചുവോ? വേഗം പോയി വെല്ലുവിളി പുസ്തകം എടുത്തു വന്നേ.. അച്ഛൻ ചിരിച്ചു.

നിമിഷ ഒറ്റ ഓട്ടത്തിന് പുസ്തകം എടുത്തു വന്നു.

അധികം നിർദേശങ്ങളൊന്നുമില്ല. അച്ഛൻ പറഞ്ഞു തുടങ്ങി.

വീട്ടിൽ ഒരാളെങ്കിലും, പ്രത്യേകിച്ച് കുട്ടികൾ, അന്താരാഷ്ട്ര ആംഗ്യ ഭാഷയിൽ(ISL)കുറച്ചു കാര്യങ്ങൾ പഠിച്ചു വെയ്ക്കണം. സംസാരിക്കാൻ കഴിയാത്ത ഒരാളുമായി ആശയ വിനിമയം നടത്താനുള്ള കുറച്ചു കാര്യങ്ങൾ.

വീട്ടിലെ ഒന്നിൽ കൂടുതൽ പേർക്ക് പഠിക്കാൻ കഴിയുമെങ്കിൽ നല്ലത്.

കേൾവി വെല്ലുവിളി നേരിടുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്താനുള്ള കഴിവ് നേടുക എന്നതാണ് വെല്ലുവിളി. പഠിച്ചു കഴിഞ്ഞാൽ മറ്റുള്ളവർക്ക് പ്രചോദനമാകുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുക. ഇത്രയേ വേണ്ടൂ. അച്ഛൻ പറഞ്ഞു നിർത്തി.

അച്ഛാ എനിക്കൊരു സംശയം.

എന്താ പറയൂ...


ശനിയുടെ ഉപഗ്രഹങ്ങളുടെ പേരുകൾ വരെ ഞങ്ങളുടെ പുസ്തകത്തിലുണ്ട്. എന്നിട്ടും ഇങ്ങനെയുള്ള വിവരങ്ങളൊന്നും പുസ്തകത്തിലില്ലാത്തതെന്താ? കുട്ടികളെ പഠിപ്പിക്കാത്തതെന്താ?

സ്കൂളിൽ അംഗപരിമിതർക്കായി റാമ്പും റെയിലും ഒക്കെ വന്നില്ലേ? ഇനി ഇതും വരും. കുട്ടികൾ മുന്നിട്ടിറങ്ങിയാൽ മതി. അച്ഛൻ പറഞ്ഞു. അച്ഛാ, ഞാനീ വെല്ലുവിളി ഏറ്റെടുക്കുക മാത്രമല്ല അന്താരാഷ്ട്ര ആംഗ്യ ഭാഷ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തണമെന്നൊരു നിവേദനം വിദ്യാഭ്യാസ മന്ത്രിക്ക് അയക്കുകയും ചെയ്യും. നിമിഷ ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

എന്താ ഈ വെല്ലുവിളി നിങ്ങളും ഏറ്റെടുക്കില്ലേ?

✷

# ആവിഷ്കരണം




## കുട്ടികളുടെ രചനാപൂരം 2020


### വിദ്യാലയങ്ങളുടെ ശ്രദ്ധയ്ക്ക്



- എൽ.പി, യു.പി രണ്ട് വിഭാഗം മത്സരങ്ങൾ.
- പ്രാഥമികതലം സ്കൂൾ. പരമാവധി കുട്ടികളുടെ പങ്കാളിത്തം.
- **മത്സര ഇനങ്ങൾ** കഥ, കവിത, ചിത്രംവര, സർഗാത്മക ഗദ്യരചന(യാത്രാ വിവരണം, വായനാക്കുറിപ്പ്,അനുഭവം, ഓർമ എന്നിവ).



- ഒരു കുട്ടി അവന്/ അവൾക്ക് **ഏറ്റവും ഇഷ്ടപ്പെട്ട ഇനത്തിലാണ്** മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഓരോ ജില്ലയിലും **മികച്ച മൂന്ന് പേർക്ക്** സർട്ടിഫിക്കറ്റും മെമന്റോയും (എൽ.പി,യു.പി വേറെ). ഒരു ജില്ലയിൽ ആകെ 24 സമ്മാനങ്ങൾ.
- ജില്ലാതലത്തിൽ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കിയവയിൽ നിന്ന് ഓരോ ഇനത്തിലും **സംസ്ഥാനതല വിജയികളെ** തെരഞ്ഞെടുക്കും. (എൽ.പി, യു.പി മൂന്ന് പേർ വീതം).



- **ജില്ലയിലെ മികച്ച സ്കൂളിന്** സർട്ടിഫിക്കറ്റും വമ്പൻ സമ്മാനവും. കുട്ടികളുടെ പങ്കാളിത്ത ശതമാനത്തേയും ലഭിച്ച ഗ്രേഡുകളേയും അടിസ്ഥാനമാക്കി.
- **2020 ജനുവരി 6 മുതൽ 11 വരെ**യാണ് ആവിഷ്കരണം സ്കൂൾ തലം.
- രചനാ മത്സരം സ്കൂളിന്റെ താൽപര്യമനുസരിച്ച് പ്രവർത്തിദിനമോ അവധി ദിനമോ സംഘടിപ്പിക്കാം. ഏറ്റവും ചുരുങ്ങിയത് **രണ്ട് മണിക്കൂറെങ്കിലും** വേണ്ടിവരും.



- മത്സരശേഷം സ്കൂളിൽ നിന്നുള്ള രചനകൾ **എഡിറ്റർ,യുറീക്ക,കോഴിക്കോട് 673002** എന്ന വിലാസത്തിൽ അയയ്ക്കണം.
- വിജയികളിൽ നിന്ന് മികച്ച മുപ്പതു പേരെ കണ്ടെത്തി **സംസ്ഥാന രചനാശിൽപശാല.**
- രചനകളുടെ പ്രാഥമിക മൂല്യനിർണയം അധ്യാപകർ, എഴുത്തുകാർ, ചിത്രകാരന്മാർ എന്നിവരുടെ ഒരു ഗ്രൂപ്പ് വിലയിരുത്തുന്നു. തുടർന്ന് മികച്ച രചനകളിൽ നിന്ന് വിജയികളെ കണ്ടെത്തുന്നത്,

**ശ്രീ എം ടി വാസുദേവൻ നായർ** (ചെയർമാൻ),
**അഷ്ടമൂർത്തി,**
**കൽപ്പറ്റ നാരായണൻ,**
**പി രാമൻ,**
**പോൾ കല്ലാനോട്,**
**കെ പി മുരളീധരൻ,**
**പ്രൊഫ കെ ശ്രീധരൻ** (കൺവീനർ)

എന്നിവരടങ്ങുന്ന കമ്മറ്റിയായിരിക്കും.

- രചനാപൂരം നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളിൽ യുറീക്ക പത്രാധിപസമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.
- **ജില്ലയിലെ മികച്ച എൽ പി സ്കൂളിന് 2500 രൂപ** മുഖവിലയുള്ള വായനാസാമഗ്രികൾ സമ്മാനം. ചുമരിൽ തൂക്കിയിടാൻ കഴിയുന്ന രൂപത്തിലുള്ള ഇവ കഥകളും കവിതകളും ചെറുകുറിപ്പുകളും ചിത്രങ്ങളോടെ മനോഹരമായി തയ്യാറാക്കിയവയാണ്.
- **ജില്ലയിലെ മികച്ച യു പി സ്കൂളിന് 5000 രൂപ** മുഖവിലയുള്ള ബയോബിൻ. സ്കൂളിലെ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഉപാധി.



## കാഴ്ചപ്പുറം

**സുരഭിവചന**

### മലിനീകരണം

# വായുമലിനീകരണവും ഇലകളും

വായു മലിനമാവുന്നതോടെ, ഇലകളിലെ സൂക്ഷ്മ സുഷിരങ്ങളിൽ ചില വാതകങ്ങൾ കടന്നുകൂടുന്നു. ഇതോടെ ഇല കേടുവരാനും തുടങ്ങും. പിന്നേയും പിന്നേയും അന്തരീക്ഷമലിനീകരണം വന്നുകൊണ്ടേയിരിക്കുകയാണെങ്കിൽ ഇലയിൽ കാണുന്ന മേൽ ആവരണമായ മെഴുക്കുഭാഗം (നനവാർന്നതെന്ന് തോന്നിക്കുന്ന ഭാഗം) ക്ഷയിക്കും. അപ്പോൾ എന്തു സംഭവിക്കുമെന്നോ? അമിത ജലനഷ്ടം തടയുന്നതിനുള്ള ഇലകളുടെ കഴിവ് കുറയുന്നു. അപ്പോഴോ കീടങ്ങൾ ഇലയെ കീഴടക്കുന്നു. രോഗങ്ങൾ വരും. വരൾച്ചയിലും മഞ്ഞിലും ഇലയ്ക്ക് രോഗപ്രതിരോധശേഷി ഉണ്ടാകാതെ അത് നശിച്ചുപോവും. വായുമലിനീകരണംകൊണ്ട് പോഷകവസ്തുകൾ വലിച്ചെടുക്കാൻ ഇലയ്ക്കാവില്ല. ഇല പഴുത്ത് (മഞ്ഞനിറം വന്ന്) ചെറുതിലേ പൊഴിഞ്ഞ്, ചെടി നശിക്കുന്നു.



### ആദ്യം

# മ

ചന്ദ്രന്റെ സ്വ
ഭൂമിയെ ചുറ്റാനുള്ള
ഭൂമിയിലുള്ളവർക്ക്
മാത്രമേ കാണാൻ
ആണ് ചന്ദ്രന്റെ മ
മായി നമുക്ക് ലഭ്യമ



ചാന്ദ്രപര്യവേ
പേടകങ്ങളായ

# സസ്യങ്ങളുടെ ആരോ

2020 ദേശീയ സസ്യാരോഗ്യ വർഷമാണ് (International Year of Plant Health)

INTERNATIONAL YEAR OF
PLANT HEALTH
2020

### പുതുവ

2020 സസ്യാരോഗ്യവർഷമാണ്. സ
ണ്ടതിന്റെ ആവശ്യകത പൊതുജനങ്ങളുടെ
ണെന്ന് ഓർമിപ്പിക്കുന്നു ഈ വർഷം. സസ
ജൈവസമ്പത്തും വർധിക്കുമെന്നും സാ
ഐക്യരാഷ്ട്രസഭ പറയുന്നു. നാൽപത് ശത
യാൽ നശിക്കുകയാണ്. ആ കുറവ് നികത്ത
നങ്ങളാണ് ഈ വർഷത്തെ പ്രധാന ലക്ഷ്യ



## ...ുവശം


...യം തിരിയാനുള്ള സമയവും ...സമയവും തുല്യമായതിനാൽ ...എപ്പോഴും ചന്ദ്രന്റെ ഒരു വശം ...സാധിക്കുകയുള്ളൂ. 'ലൂണ മൂന്ന്' ...ുവശത്തെ ചിത്രങ്ങൾ ആദ്യ ...ാക്കിത്തന്നത്.




...ഷണത്തിന് റഷ്യ ഉപയോഗിച്ച ...ിരുന്നു ലൂണകൾ.

**ഇല്ലാതായവ**

# ആനപ്പേരിൽ ഒരു പക്ഷി



ഒരു പക്ഷിയുടെ പേര് പറയാം. ആനപ്പക്ഷി (elephant bird). പേര് കേട്ടപ്പോൾ തന്നെ ഏകദേശം അതിന്റെ വലിപ്പവും മനസ്സിലായിക്കാണും.

ആനയുടെ അത്രയൊന്നുമില്ലെങ്കിലും വംശനാശഭീഷണി നേരിട്ട് ഭൂമിയിൽനിന്ന് ഇല്ലാതായ ഈ പക്ഷി, പക്ഷികളിൽ ഏറ്റവും വലുതു തന്നെയായിരുന്നു. ഇനി അതിന്റെ വലിപ്പമറിയാൻ ചെറിയ ഒരു ഉദാഹരണം പറയാം. ആനപ്പക്ഷിയുടെ മുട്ട ഒരു മുട്ടയാണോന്ന് തോന്നും കാഴ്ചയിൽ. എന്താണെന്നോ? അതിന് മൂന്നടിയോളം ചുറ്റളവുണ്ടായിരുന്നു. മുട്ടയ്ക്കകത്തെ വിശേഷം പറയാം. അതിനുള്ളിൽ 9 ലിറ്റർ വെള്ളം കൊള്ളുമായിരുന്നു. അതായത് ഒറ്റ മുട്ടയ്ക്ക് നമ്മുടെ 200 കോഴിമുട്ടയുടെ വലിപ്പം!

ഇനി ആനപ്പക്ഷിയെക്കുറിച്ച് കൂടുതൽ വായിച്ചും അന്വേഷിച്ചും അറിയൂ...



# ...രാഗ്യം കാത്തുവയ്ക്കുക

**...ർഷം**

...സ്യങ്ങളുടെ ആരോഗ്യം സംരക്ഷിച്ചുനിർത്തേ... മാത്രമല്ല ഭരണാധികാരികളുടേതുകൂടിയാ... ...്യാരോഗ്യം വർധിപ്പിച്ചാൽ ഭക്ഷ്യസുരക്ഷയും ...മ്പത്തിക വികസനം സാധ്യമാകുമെന്നും ...മാനം ഭക്ഷ്യവസ്തുക്കൾ ഇന്ന് കീടബാധ ...ാൻ കൂടിയുള്ള ബോധവൽക്കരണ പ്രവർത്ത... ...ങ്ങളിൽ ഒന്ന്.





തട്ടീം മുട്ടീം

# കടലമിഠായി

**ശരിക്കുമുള്ള കടലമിഠായി എങ്ങനെയാ ഉണ്ടാക്കുക? അത് ഈ സ്പെഷൽ കടലമിഠായി കഴിച്ചശേഷം അന്വേഷിക്കണേ...**

**ഷിൻ ഷിൻ** ചിത്രീകരണം: കെ.സതീഷ്

ഇതാണ് കടലമിഠായി.

നീളവും വീതിയും ഒരുപോലെ ഒത്തുവന്ന ഒരു ചതുരക്കഷ്ണം നീട്ടി ഗസല നോറയെ കൊതിപ്പിച്ചു.

എന്തായാലും ഒരു ചെറു കഷ്ണം തരാതിരിക്കില്ല. നോറ കാത്തിരുന്നു. അപ്പോഴതാ അടുക്കളയിൽനിന്നും തട്ടലും മുട്ടലും.

അവിടെ രണ്ടുപേർ ചേർന്ന് തകർപ്പൻ കടലമിഠായിപ്പണിയിലായിരുന്നു.

മില പറഞ്ഞു: "വറുത്ത നിലക്കടല രണ്ടുകപ്പ് നിറച്ചും എടുക്കണം."

ഇവ പറഞ്ഞു: "അരക്കിലോ ശർക്കരയും വേണം."

മില പറഞ്ഞു: "നെയ് 2 ടേബിൾ സ്പൂൺ."

ഇവ പറഞ്ഞു : "ഏലക്ക പൊടിച്ചത് 3 ടീസ്പൂൺ."

പിന്നെ അവർ ഒന്നിച്ചു പറഞ്ഞു: "ഇത്രയും സാധനങ്ങൾ ഉണ്ടെങ്കിൽ നമുക്ക് കടലമിഠായി ഉണ്ടാക്കാം."

"ക്ട്ടും." ഗസല കൈയ്യിലിരുന്ന കടലമിഠായി ഒറ്റക്കടി.

നോറ വീണ്ടും ഗസലയെ നോക്കി. ഒരു ചെറു കഷ്ണം തരാതിരിക്കില്ല.



"ചേച്ചിമാരേ ഇതാ ശർക്കര പാനിയുണ്ടാക്കാൻ പോവുകയാ..." മിലയും ഇവയും അൽപ്പം ചൂടുവെള്ളം ഒഴിച്ച് ശർക്കര ഉരുക്കി പാനിയാക്കി.

"ഇതാണ് കടലമിഠായിയുടെ ആദ്യ സ്റ്റെപ്പ്." അവർ പറഞ്ഞു.

ഇനി **സ്റ്റെപ്പ് 2**

ഒരു ചീനച്ചട്ടിയിലോ പാനിലോ വറുത്ത നിലക്കടല ഒന്നുകൂടി, ചെറുതായി വറുത്തെടുക്കണം. തൊലി നീക്കി കടല പിളർന്നു വയ്ക്കുകയും വേണം.

അടുത്ത സ്റ്റെപ്പ് മൂന്ന് ഇതാ എത്തിപ്പോയി.

അപ്പോഴേക്കും ആവേശത്തിൽ ഗസല കയ്യിലുള്ള കടലമിഠായി മുഴുവൻ ക്ട്ടും ക്ട്ടും ക്ട്ടും...

നോറയുടെ ബാക്കിയുള്ള പ്രതീക്ഷയും തീർന്നു. ഒപ്പം

കടലമിഠായിയും.

ഇവയും മിലയും **സ്റ്റെപ്പ് മൂന്ന്** ചെയ്തു കാണിക്കാൻ തുടങ്ങി.

ഒരു ചീനച്ചട്ടി അടുപ്പത്തുവച്ചു. അതിൽ ശർക്കരപ്പാനി ഒഴിച്ച് നിർത്താതെ ഇളക്കാൻ തുടങ്ങി. പിന്നെ ഏലക്കാ പൊടിച്ചതും നെയ്യും ചേർത്തു. വീണ്ടും ഇളക്കിക്കൊണ്ടേയിരുന്നു.

ഒടുവിലാണ് നിലക്കടല ചേർത്തത്. ഇളക്കൽ നിർത്തിയില്ല.

--

"**സ്റ്റെപ്പ് 3 എ.**" ഇവയും മിലയും പറഞ്ഞു.

"അതെന്താ?" നോറയും ഗസലയും തിരിച്ചു ചോദിച്ചു.

"സ്റ്റെപ്പ് മൂന്നിലെ ഒരു ഭാഗമാമണ്ടികളേ." പിന്നെ നോറയും ഗസലയും ഒന്നും മിണ്ടിയില്ല.

പൊടിച്ചുവച്ച കുറച്ചു കടലപ്പൊട്ടുകൾ കൂടി ഇതിനൊപ്പം ചേർത്തതായിരുന്നു സ്റ്റെപ്പ് 3 എ.

## വേറെന്ത്?

കടലയ്ക്ക് കപ്പലണ്ടി എന്നും പേരുണ്ട്.

കപ്പലണ്ടികൊണ്ട് വേറെന്തു വിഭവം ഉണ്ടാക്കാനാവും?

യുറീക്കയെ അറിയിക്കൂ. മികച്ച കുറിപ്പുകൾക്ക് സമ്മാനം.

കുറിപ്പിനൊപ്പം പേരും വിലാസവും ഫോൺ നമ്പറും എഴുതണേ...



--

"ലാസ്റ്റ് സ്റ്റെപ്പ് എത്തിപ്പോയി. നമ്മൾ കടലമിഠായിലേക്ക് അടുക്കുന്നു." അവർ വിളിച്ചുപറഞ്ഞു.

അടുപ്പത്തുനിന്നും ശർക്കരയും കടലയും ചേർത്ത കൂട്ട് കുറുകിക്കുറുകി വരാൻ തുടങ്ങി.

ഇവ അത് അൽപ്പം സ്പൂണിൽ എടുത്ത് ഊതി ചൂടുമാറ്റി വിരലിൽ വെച്ച് ഒട്ടുന്നുണ്ടോ എന്ന് നോക്കി. "ഓ... ഒട്ടുന്ന പരുവത്തിലായി."

മില സ്റ്റൗ ഓഫ് ചെയ്ത് ചട്ടിയിലുള്ളത് ഒരു പാത്രത്തിലേക്ക് മാറ്റി.

"ഇനി തണുക്കട്ടെ." രണ്ടുപേരും പറഞ്ഞു. എന്നിട്ട് പൊങ്ങി നിൽക്കുന്ന നിലക്കടലയെല്ലാം തട്ടിയുറപ്പിച്ച് ലെവലാക്കി.

തണുത്തശേഷം നോറയാണ് കടലമിഠായി നീളവും വീതിയും ഒരുപോലെ വരുന്ന രൂപത്തിൽ മുറിച്ചെടുത്തത്.

ആദ്യ കഷ്ണം ഇവയ്ക്കും രണ്ടാമത്തെ കഷ്ണം മിലയ്ക്കും മൂന്നാമത്തെ കഷ്ണം ഗസലയ്ക്കും കൊടുത്തു. ഗസല പറഞ്ഞു. "മൂന്നാമത്തെ കഷ്ണം നീ തന്നെ കഴിക്കൂ. നാലാമത്തേത് ഞാൻ കഴിക്കാം." അങ്ങനെ കടലമിഠായിയുടെ രുചി നുണഞ്ഞ് അവർ അടുക്കളയിൽ നിന്നും പുറത്തേക്കു വന്നു.



ആശംസകളോടെ...





Kottakkal
ayurveda


COMMEMORATING 150TH BIRTH ANNIVERSARY OF
VAIDYARATNAM P.S. VARIER
THE DOYEN OF AYURVEDA

## ആയുർവേദത്തിന്റെ സാന്ത്വനസ്പർശം

▸ NABH അംഗീകാരമുള്ള ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ കോട്ടയ്ക്കൽ
▸ ഡൽഹിയിലും കൊച്ചിയിലും ആശുപത്രികൾ ▸ കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ
▸ കോട്ടയ്ക്കലും കഞ്ചിക്കോട്ടും നഞ്ചൻകോട്ടും ഔഷധനിർമ്മാണ ഫാക്ടറികൾ ▸ അഞ്ഞൂറ്റിയെൺപതോളം ശാസ്ത്രീയ ഔഷധങ്ങൾ
▸ ഗവേഷണത്തിന്നും പ്രസിദ്ധീകരണത്തിന്നും പ്രത്യേകം വിഭാഗങ്ങൾ ▸ ഔഷധത്തോട്ടങ്ങൾ ▸ ഔഷധസസ്യഗവേഷണകേന്ദ്രം ▸ ആയുർവേദപഠനസൗകര്യങ്ങൾ
▸ 26 ശാഖകൾ, 1800-ൽപരം അംഗീകൃതവിതരണക്കാർ ▸ പി.എസ്.വി. നാട്യസംഘം
▸ മൊബൈൽ മെഡിക്കൽ യൂണിറ്റ് ▸ വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം



ഹോസ്പിറ്റൽ സമുച്ചയം, കോട്ടയ്ക്കൽ



ഹോസ്പിറ്റൽ, ദില്ലി



ഹോസ്പിറ്റൽ, കൊച്ചി


ചാരിറ്റബിൾ ഹോസ്പിറ്റൽ, കോട്ടയ്ക്കൽ


ഔഷധോദ്യാനം


ഔഷധസസ്യ ഗവേഷണ കേന്ദ്രം


മ്യൂസിയം, കോട്ടയ്ക്കൽ


ഫാക്ടറി സമുച്ചയം, കോട്ടയ്ക്കൽ


ഫാക്ടറി, കഞ്ചിക്കോട്


ഫാക്ടറി, നഞ്ചൻകോട്


ക്വാളിറ്റി കൺട്രോൾ ഡിപ്പാർട്ട്മെന്റ്


പൈലറ്റ്പ്ലാന്റ്

4 ഹോസ്പിറ്റലുകൾ • 26 ശാഖകൾ • 1800ലധികം അംഗീകൃത ഡീലർമാർ

BRANCHES: Adoor- 0473 4220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484 2375674, Indore - 0731 2513335, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481 2304817/2562396, Kozhikode - 0495 2302666, Madurai - 0452 2623123, Mangalore - 0824 2443140, Mumbai - 022 24016879, 24015195, Mysore - 0821 2331062, New Delhi - 011 24621790, Palakkad (Vadakanthara) - 0491 2502404, Palakkad (Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439, Thrissur - 0487 2380950, Tirur - 0494 2422231, Vijayawada - 0866 2578864/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Delhi - 011 22106500, Kochi - 0484 2554000

ആയുർവേദത്തിന്റെ ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
**ആര്യവൈദ്യശാല**
ESTD 1902 കോട്ടയ്ക്കൽ-676 503, കേരളം



Tel.: 0483 2808000, 2742216 | E-mail: mail@aryavaidyasala.com
www.aryavaidyasala.com

# വർണമഴ

## സാന്ദ്ര എസ് വാര്യർ

ചിത്രീകരണം: കെ.സതീഷ്

നാളെയാണ് സ്കൂളിൽ പൂക്കളമത്സരം. കഴിഞ്ഞ തവണത്തെപ്പോലെ ഇത്തവണയും ഫസ്റ്റ് കിട്ടണമെന്നു കരുതിയാണ് ടൗണിൽനിന്നും പൂ വിലകൊടുത്തു വാങ്ങാം എന്നു തീരുമാനിച്ചത്. ഫസ്റ്റ് അടിച്ചാൽ കിട്ടുന്ന സമ്മാനത്തിൽനിന്നും അതിനൊരു ഷെയർ കിട്ടുമല്ലോ. അതുകൊണ്ടുതന്നെയാണ് ആരും വീട്ടിൽനിന്നും പൂക്കൾ കൊണ്ടുവരേണ്ടെന്ന് തീരുമാനിച്ചത്. അല്ലെങ്കിലും വാങ്ങിയ പൂക്കൾക്കിടയിൽ മുക്കുറ്റിയും ഒടിച്ചുറ്റിയുമെല്ലാം ഒന്നിനും കൊള്ളില്ല.



ക്ലാസു മുഴുവൻ കുട്ടികൾ ഓടിനടന്ന് നാളേക്കുള്ള തയ്യാറെടുപ്പിലാണ്. പൂക്കൾ ഏൽപ്പിച്ചതു മുതൽ അതു നാളെ രാവിലെ വാങ്ങിക്കൊണ്ടുക്കൊടുക്കുന്നതുവരെ തനിക്ക് ഉത്തരവാദിത്വങ്ങൾ ഏറെയാണ്. മീര ദീർഘമായൊന്ന് നിശ്വസിച്ചു. അച്ഛന്റെ കൂടെ രാവിലെ നേരത്തെ പോണം. നാളെ എല്ലാ സ്ഥലത്തും പൂക്കളമത്സരമായതിനാൽ കടയിൽ നല്ല തിരക്ക് കാണും. വീട്ടിലേക്കു പോകുമ്പോൾ മീര മനസ്സിൽ കരുതി.

പിറ്റേന്ന് അതിരാവിലെതന്നെ മീര അച്ഛനോടൊത്ത് പൂക്കടയിലെത്തി. നല്ല തിരക്കാണവിടെ. പക്ഷേ, പൂ മാത്രം കാണാനില്ല. അവൾക്കാകെ പരിഭ്രമമായി. എല്ലാവരും ഒരേ സ്വരത്തിൽ പൂ ചോദിക്കുന്നു. തമിഴ്നാട്ടിൽ ഇത്തവണ മഴ കുറവായതോണ്ട് പൂക്കളൊന്നും ഉണ്ടായിട്ടില്ലാത്രെ! അതോണ്ട് ഇത്തവണ പൂ സപ്ലേ ചെയ്യുന്നില്ലാത്രെ!


ശ്ശെടാ... ഇത്പ്പൊ ആകെ കുടുങ്ങീലോ. പൂ വാങ്ങുന്നതുകൊണ്ട് ആരും വീട്ടിൽ നിന്നും ഒന്നും കൊണ്ടുവരില്ല. ഇനീപ്പൊ എന്ത് വെച്ചാ പൂക്കള് ടാ. മീരയുടെ മുഖം വിവർണമായി. ന്തായാലും വീട്ടിലെത്തിയിട്ട് നോക്കാം. കുറച്ചായാലും വീട്ടിലെ പൂക്കള് വെച്ച് ഒരു കൈ നോക്കാം. അച്ഛന്റെ വണ്ടിയിൽനിന്നും മീര ഇറങ്ങിയോടി. തൊടിയിലെത്തിയ അവൾ അമ്പരന്നു. തുമ്പയും മുക്കുറ്റിയും ഒടിച്ചുറ്റിയും കൃഷ്ണകിരീടവും തലപൊക്കി നിൽക്കുന്നു. കാണാൻ തന്നെ എന്തൊരു ചേല്. ഇത്രേം പൂക്കള്ണ്ടായിട്ടാ വെറുതെ പൈസ കൊടുത്ത് പൂ വാങ്ങാന്ന് കരുതിയത്!

അവൾ ആവേശത്തോടെ പൂക്കളിറുത്തു.

"ഓ, ഇപ്പൊ മനസ്സിലായില്ലേ, അവസാനം മുറ്റത്തെ മുല്ലയ്ക്കേ മണം കാണൂന്ന്." പൂക്കളും സംസാരിച്ചു തുടങ്ങിയോ? മീരയുടെ മുഖം അപ്പോൾ ഒരു പൂവിനോളം മനോഹരമായി തിളങ്ങി. ✷






# യുറീക്കോത്സവങ്ങൾക്ക് കൊടിയുയർന്നു



യുറീക്കയുടെ അമ്പതാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യുറീക്കോത്സവങ്ങൾക്ക് തുടക്കമായി. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ജില്ലായുറീക്കോത്സവം നവംബർ 30,ഡിസംബർ 1 തിയ്യതികളിലായി നടന്നു. പാലക്കാട് ജില്ലയിൽ രണ്ട കേന്ദ്രങ്ങളിലായാണ് പരിപാടി നടന്നത്. മറ്റ ജില്ലകളിൽ തൊട്ടടുത്ത ദിവസങ്ങളിലായി ജില്ലാ യുറീക്കോത്സവങ്ങൾ അരങ്ങേറും.

ആകാശം, ജീവൻ, ശാസ്ത്രം, സമൂഹം എന്നീ വിഷയമേഖലകളെ അധികരിച്ചായി രുന്നു യുറീക്കോത്സവം. പാട്ടുകൾ, കളിക ൾ, അഭിനയം, നിർമാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയുള്ള പഠന പ്രവർത്തനങ്ങൾ പങ്കാളികളെ ഏറെ ആഹ്ലാദിപ്പിച്ചു. പ്രാദേശിക തലത്തിൽ യുറീക്കോത്സവങ്ങൾ സംഘടിപ്പിക്കാനുള്ള ഉറച്ച തീരുമാനവുമായാണ് കൂട്ടുകാർ ഉത്സവവേദിയിൽ നിന്നും പിരിഞ്ഞത്.








പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് ശ്രദ്ധിക്കുമല്ലോ.

# കയ്പക്ക



**സജീവൻ കല്ലാച്ചി**

ചിത്രീകരണം: കെ.സതീഷ്

മകരം മഞ്ഞുമായെത്തിയപ്പോൾ
കണ്ടത്തിലെ മണ്ണു ഞാൻ കിളച്ചു.
വട്ടത്തിലെട്ടു കുഴിയെടുത്തു.
കരിയിലയിട്ടു കരിച്ച മണ്ണിൽ
ചാണകമിട്ടു പൊടിച്ചൊരുക്കി
ഓരോ തടത്തിലും നാലു വീതം
കയ്പക്ക വിത്തു ഞാൻ നട്ടുപാകി.
തൊട്ടടുത്തുള്ള കുളത്തിൽ നിന്നും
വെള്ളമെടുത്തു തടം നനച്ചു.
കയ്പച്ചെടിയാകെ പൂവണിഞ്ഞു
പൂക്കൾ കൊഴിഞ്ഞു കായ്കളായി
കയ്പ പറിച്ചെടുത്തെന്റെയമ്മ–
പുളിമാങ്ങയിട്ടു കറിയൊരുക്കി.

✷

# കൂവൽ




ഇ.ജി.വസന്തൻ


ചിത്രീകരണം: സന്തോഷ് വെളിയന്നൂർ

ഒരിടത്തൊരു പിടക്കോഴിയും പൂവൻകോഴിയും ഉണ്ടായിരുന്നു. അവർ സുഖമായി ജീവിക്കുകയായിരുന്നു.








ഒരു ദിവസം പൂവൻ പറഞ്ഞു.
"ഇനി ഞാൻ പുലർച്ചെ കൂവില്ല."


"ങേ..." പിടക്കോഴി ഞെട്ടിപ്പോയി.
"അത് നിങ്ങളുടെ ജോലിയല്ലേ?"
പിട ചോദിച്ചു.


“എനിക്ക് മടുത്തു. കൂവില്ലാന്ന് പറഞ്ഞാൽ കൂവില്ല.”
പൂവൻ വാശിപിടിച്ചു.


വീട്ടുകാരൻ പൂവന്റെ കൂവൽ കേട്ടാണ് ഉണരുന്നതും ജോലിക്ക് പോവുന്നതും. എന്നാൽ, അന്നയാൾ കൂവൽ കേട്ടില്ല. കേൾക്കാത്തതുകൊണ്ടാവും. അയാൾ കരുതി. ജോലിക്ക് പോവാനും കഴിഞ്ഞില്ല.


അടുത്ത ദിവസവും അതിനടുത്ത ദിവസവും കൂവൽ കേട്ടതേയില്ല.
കോഴിക്ക് എന്തോ പ്രശ്നമുണ്ട്. അയാൾ കരുതി.


അപ്പോഴും പിടക്കോഴി നിർബന്ധിച്ചുകൊണ്ടേയിരുന്നു.
പൂവൻ വാശിപിടിച്ചു. “കൂവില്ലാന്ന് പറഞ്ഞാൽ കൂവില്ല.”
പൂവൻ പറഞ്ഞു.







ഇറച്ചിക്കാരൻ ഒറ്റപ്പിടുത്തത്തിന് പൂവന്റെ കഴുത്തു മുറുക്കി.
അത് അയാളുടെ കയ്യിലിരുന്ന് ക്കുവലോട് ക്കുവൽ.

"ങേ". പൂവന് അസുഖമൊന്നുമില്ല.
വീട്ടുകാരൻ ഓടിവന്നു.
കോഴിയെ വാങ്ങി കൂട്ടിൽതന്നെ ഇട്ടു.
പിടയ്ക്കും സന്തോഷമായി.

പൂവൻ പിന്നെ കൂവൽ നിർത്തിയതേയില്ല.
"കൊക്കരക്കോ... കൊക്കരക്കോ..."
നിങ്ങളും കേൾക്കാറില്ലേ ആ കൂവൽ.



## അയയ്ക്കൂ, യൂണികോഡിൽ

യുറീക്കയിലേക്കുള്ള രചനകൾ യൂണികോഡ് ഫോണ്ടിൽ ഇ–മെയിലായി അയക്കുന്നതാണ് ഏറ്റവും സൗകര്യം. വിലാസം eurekakssp@gmail.com

തപാലിൽ അയയ്ക്കുകയാണെങ്കിൽ എഡിറ്റർ, യുറീക്ക, ചാലപ്പുറം പി ഒ, കോഴിക്കോട് 673002 എന്ന വിലാസത്തിലാണ് അയക്കേണ്ടത്. വാട്സ് ആപ്പിൽ അയക്കുന്നത് ഒഴിവാക്കുക. പേജ് മേക്കർ ഫയൽ അയക്കുകയാണെങ്കിൽ പി ഡി എഫ് കൂടി അയയ്ക്കണം.






# വന്നു പോകുമ്പോൾ...



**ചന്ദ്രശേഖരൻ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ദാഹജലത്തിന്റെ നീരുറവ
ദാനമായ് നൽകുവാനെത്തിടുന്നു
പച്ചപ്പുതപ്പിലായ് തൊങ്ങലുകൾ
വച്ചു പിടിപ്പിക്കാനെത്തിടുന്നു
തുടികൊട്ടും പാട്ടുമായാണ്ടുതോറും
തുലാവർഷമേഘങ്ങളെത്തിടുന്നു.

വേലയും പൂരവും വന്നിടുമ്പോൾ
വേനൽ പൊരിച്ചിലിൻ വേവകറ്റാൻ
കുളിരായി മഴയായി വന്നുകൊള്ളാമെന്നു
വിടവാങ്ങിപ്പോകുമ്പോൾ ചൊല്ലിടുന്നു.

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 2001 സെപ്റ്റംബറിലെ ഒരു രചനയാണ് ഈ ലക്കത്തിൽ.

**എസ്.പ്രഭാകരൻ നായർ**

ചിത്രീകരണം: കെ.സതീഷ്

കുറെ കാലം മുമ്പ് മുക്കാലിയിലെ സൈലന്റ് വാലി ഓഫീസിൽ മേശപ്പുറത്ത് കമഴ്ത്തിവെച്ചിരുന്ന ഒരു ഗ്ലാസ് എടുക്കാൻ ശ്രമിച്ചപ്പോൾ ഫോറസ്റ്റർ രമേശ് ഓടിവന്ന് അത് തടഞ്ഞു.

"അതെടുക്കല്ലേ മാഷേ. അതിനുള്ളിൽ ഒരു ജീവിയുണ്ട്."

സൂക്ഷിച്ചുനോക്കിയപ്പോൾ മേശപ്പുറത്ത് ഒരു ചെറിയ ഇല. വളരെ ചെറുത്. രണ്ടു സെന്റീമീറ്റർ നീളം കാണും. അതിനു മീതെ ഗ്ലാസ് കമഴ്ത്തിവെച്ചിരിക്കുകയാണ്. ഇലയുടെ ഞെട്ടിയിൽ തുറിച്ച കണ്ണ്. അടിയിൽ കാലുകൾ. ആ ജീവി പതുക്കെ പതുക്കെ അനങ്ങുന്നു!

"ഇത്തരം ഒരു ജീവിയെ ഞാനാദ്യമായി കാണുകയാണ്. ഇതെന്തു ജീവിയാണ്?"

"അറിയില്ല. ഞങ്ങളിതിനൊരു പേരിട്ടിട്ടുണ്ട്. പച്ചിലപ്രാണി (Leaf Insect) എന്ന്."

"എവിടെ നിന്നാണിതിനെ കിട്ടിയത്?"

# സൈലന്റ് വാലിയിലെ പച്ചിലപ്രാണി





“സൈലന്റ് വാലിയിൽ നിന്ന്.”

ഉഷ്ണമേഖലാ നിത്യഹരിത വനമാണ് സൈലന്റ് വാലി. ഇന്ന് അവശേഷിക്കുന്ന മഴക്കാടുകളിൽ ഒന്ന്. പ്രകൃതിയിലെ ഏറ്റവും സങ്കീർണമായ ആവാസ വ്യവസ്ഥയാണ് മഴക്കാടുകളിലേത്. അവിടത്തെ ജൈവവൈവിധ്യം മറ്റൊരിടത്തും കാണാത്തതാണ്. പരിണാമ പ്രക്രിയയുടെ പരകോടിയിലെത്തി നിൽക്കുന്ന പ്രദേശമാണത്രെ മഴക്കാടുകൾ. കണ്ടാൽ ഒരിലയാണെന്ന് തോന്നുന്ന ഈ പച്ചിലപ്രാണി ജൈവപരിണാമത്തിന് ഒരുദാഹരണവും പ്രകൃതിയോട് ഇണങ്ങിയ ശരീരഘടന ഉള്ളതുകൊണ്ട് ഈ ജീവി അത്ര വേഗമൊന്നും ശത്രുവിന്റെ പിടിയിലാവില്ല.

അന്യോന്യം മത്സരിച്ചും സഹകരിച്ചുമാണ് ജീവികൾ ഭൂമിയിൽ നിലനിൽക്കുന്നത് – ഒരു ജീവി അനാവശ്യമെന്നു വന്നാൽ പ്രകൃതി തന്നെ അതിനെ ഇല്ലാതാക്കിക്കളയും. അതിനുള്ള ഉപാധി കൂടിയാണ് മത്സരം.

കടുവകളുടെ ഭക്ഷണം ‘മാൻ’ ആണ്. മാനുകളുടെ എണ്ണം കൂടിയാൽ കടുവകളുടെ എണ്ണവും കൂടും. കുറഞ്ഞാൽ കടുവകളുടെ എണ്ണവും കുറയും.

ഒന്നോ രണ്ടോ ഇഞ്ച് സ്ഥലത്തു മാത്രം വേരുപടലമുള്ള പുല്ലുകൾക്ക് നൂറോ ഇരുനൂറോ അടി ആഴത്തിലുള്ള ധാതുപദാർഥങ്ങൾ എങ്ങനെയാണ് കിട്ടുന്നത്? ആഴത്തിൽ വേരുള്ള വൻ വൃക്ഷങ്ങൾ അവയെ വലിച്ചെടുക്കുന്നു. ആ വൃക്ഷങ്ങൾ ഇല കൊഴിച്ചുകൊടുക്കുന്നു. കൊഴിഞ്ഞുവീഴുന്ന ഇലകളിൽ നിന്ന് പുല്ലുകൾക്ക് അവ കിട്ടുന്നു. ഇതു സഹകരണം. മത്സരവുമുണ്ട്. പേരാലിന്റെ ചുവട്ടിൽ ഒരു കുറുന്തോട്ടി പോലും വളരാനത് അനുവദിക്കില്ല. സൗരോർജം തടഞ്ഞാണ് പേരാൽ മറ്റു സസ്യങ്ങളുടെ വളർച്ച തടയുന്നത്.

സൈലന്റ് വാലി പോലുള്ള മഴക്കാടുകളിൽ ഈ മത്സരസഹകരണങ്ങൾക്ക് മറ്റെങ്ങും കാണാത്ത മാനമുണ്ട്.

വർഷകാലത്ത് സൈരന്ധ്രിയിൽ (സൈലന്റ് വാലിയുടെ ഉൾഭാഗം) മേഞ്ഞു നടക്കുന്ന കാട്ടാനകൾ അവിടവിടെ ആനപ്പിണ്ടമിട്ടുപോവും. ഒരുതരം വെളുത്ത പൂച്ചികൾ ഈ ആനപ്പിണ്ടത്തെ പൊതിയും. ആ പൂച്ചികളെ തിന്നാൻ മുന്നോട്ടും പിന്നോട്ടും സദാ ചലിച്ചുകൊണ്ടിരിക്കുന്ന ഒരുതരം ചെറിയ പക്ഷി – ഒരടക്കയുടെ വലിപ്പമേ അതിനുണ്ടാവൂ – വരും. ഈ പക്ഷിയെ വിഴുങ്ങാൻ ഒരുതരം പച്ചിലപ്പാമ്പും അവിടെയെത്തും. പാമ്പ് പതുങ്ങിപ്പതുങ്ങി പക്ഷിക്കടുത്തെത്തുമ്പോൾ എവിടെ നിന്നോ ‘കിർർ’ എന്നൊരു ശബ്ദം കേൾക്കാം. ഒരു മണ്ണട്ടയാണാ ശബ്ദമുണ്ടാക്കുന്നതെന്നതു തീർച്ചയാണ്

– ആ ശബ്ദം കേട്ടാൽ പക്ഷി പറന്നകലുകയായി. “പാമ്പു വരുന്നു, രക്ഷപ്പെട്ടോ” എന്ന് മണ്ണട്ട പക്ഷിക്കു നൽകുന്ന മുന്നറിയിപ്പാണീ ശബ്ദം – നാണംകെട്ട പാമ്പ് പിന്മാറുന്ന ഏർപ്പാടില്ല. മണ്ണട്ടയും പിന്മാറില്ല. കളി വീണ്ടും വീണ്ടും തുടരും.

പാമ്പ് പക്ഷിയെ പിടിക്കാൻ ചെല്ലുന്നുവെന്ന് എങ്ങനെയാണീ മണ്ണട്ട അറിയുന്നത്? പക്ഷിയെ രക്ഷിക്കുവാൻ എന്തിനീ മണ്ണട്ട ശ്രമിക്കുന്നു? ആനപ്പിണ്ടത്തിൽ വെളുത്ത പൂച്ചികളെത്തിയെന്ന് പക്ഷിയെങ്ങനെ അറിഞ്ഞു? ആർക്കും മറുപടി തരാൻ കഴിയാത്ത പ്രകൃതി രഹസ്യങ്ങളാണിവ.



ഒരു കാര്യം മാത്രമേ നമുക്കറിയൂ. അത്ഭുതകരമായ ഈ ജൈവലോകത്തിൽ ഒരു കണ്ണി മാത്രമാണീ മനുഷ്യൻ. ആ ജൈവസമ്പത്തിന്റെ സ്വച്ഛന്ദമായ നിലനിൽപ്പ് തകിടം മറിക്കാൻ മനുഷ്യന് അവകാശമില്ല.

മുക്കാലിയിലെ പച്ചിലപ്രാണിയെ സൈലന്റ് വാലിയിൽ കൊണ്ടുചെന്ന് കാട്ടിലേക്ക് വിട്ടപ്പോൾ ഞാനതിനോടു സ്വകാര്യം പറഞ്ഞു:

“കുട്ടാ, നിന്റെ കാട്ടിലേക്കു നീ സ്വതന്ത്രനായി പോയ്ക്കോളൂ. പ്രകൃതി നിനക്കു നൽകിയിട്ടുള്ള നിയോഗമെന്താണെന്നെനിക്കറിയില്ല. ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ ഇലയുടെ ആകൃതി ലഭിച്ചിട്ടുള്ള നീ പ്രകൃതിയിൽ നിനക്ക് നിർവഹിക്കാനുള്ളതെല്ലാം നിർവഹിക്കുക. ഗുഡ്ബൈ.”

**കണ്ടാൽ ഒരിലയാണെന്ന് തോന്നുന്ന ഈ പച്ചിലപ്രാണി ജൈവപരിണാമത്തിന് ഒരുദാഹരണവും പ്രകൃതിയോട് ഇണങ്ങിയ ശരീരഘടന ഉള്ളതുകൊണ്ട് ഈ ജീവി അത്ര വേഗമൊന്നും ശത്രുവിന്റെ പിടിയിലാവില്ല.**


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**


www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക**– ₹ 300 **ശാസ്ത്രകേരളം**– ₹ 200 **ശാസ്ത്രഗതി**– ₹ 200

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com



# പാ(ചാ)കം

**വിശ്വൻ**


പാകത്തിന്നുപ്പുമിനിപ്പും
പാകത്തിന്നൊരിവും പുളിയും
പാകത്തിന് ചേരുംകൂട്ട്
പാകത്തിനു വെള്ളം തിയ്യ്
പരിപാകം പാചകവിരുതും
സ്വാദിഷ്ടം വിഭവം പലത്

ഏറെ വേണ്ടാ വാക്ക്
കുറവു പോരാ വാക്ക്


ചേരേണ്ടിടം ചേർച്ചയുള്ള വാക്ക്
ചേരേണ്ടവിധം ചേർന്നുള്ള വാക്ക്
ഇടയ്ക്കു മൗനം, ഇത്തിരി ധ്വനി
നിറഞ്ഞ വാക്ക് തെളിഞ്ഞ വാക്ക്

ഉള്ളിൽ ഓളം തള്ളണം
കവിതയുടെ തെളിമ.

✷



ചിത്രീകരണം: കെ.സതീഷ്



# മഴ

**നിരഞ്ജൻ വി.**
6G, ഡി ജി എച്ച് എസ് എസ്, താനൂർ

ഉച്ചനേരത്തെ കൊച്ചു മയക്കത്തിൽ
പിച്ചവച്ചെത്തിയ കാർമുകിലേ
തല്ലിച്ചിതറുമാ ചില്ലു കണക്കെയെൻ
മുന്നിലുന്മാദിയായ് നീ പൊഴിഞ്ഞു.
തൈമാവിലെ പൂത്ത ചില്ലകളും
ആടുന്ന കൈതോലക്കൂട്ടങ്ങളും
വെയിലിൽ മയങ്ങും വയൽപ്പൂക്കളും
മെയ്യിലണിഞ്ഞു,കുളിർമഴയെ.
മഴയൊരു ഗീതകമായിടുന്നുയെൻ
മനമൊരു മയിലായ് ആടിടുന്നു.



ചിത്രീകരണം : **മിഴി എസ്. ലാൽ**
1–എ, പരിയാപുരം സെൻട്രൽ എ യു പി സ്കൂൾ, പരിയാപുരം പി ഒ, താനൂർ–676302

# പറവകളുടെ ഓണം

**മസിയ പി**
7C, കമ്പിളിപ്പറമ്പ് എ.എം യു പി സ്കൂൾ, ഒളവണ്ണ പി ഒ, കോഴിക്കോട്– 673019

പാട്ടു പാടിയും ചില്ലകളിൽ നിന്ന് ചില്ലകളിലേക്ക് പറന്നും കിളികൾ ഓണമാഘോഷിക്കുകയാണ്. തേൻകുരുവി പൂക്കളിൽ നിന്ന് പൂക്കളിലേക്ക് തത്തിച്ചാടിയാണ് ആഘോഷം. മൂപ്പരുടെ കൊക്കാണ് വിശേഷപ്പെട്ടത്. ശരീരത്തെക്കാൾ നീളമുണ്ട് നീണ്ടു കൂർത്ത കൊക്കിന്.

Volume 41 No. 15 Eureka 2020 January 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.






ഒരു സുന്ദരി പൊന്മാനതാ മീൻ പിടിക്കുന്നു, ഓണത്തിനും വേണം മാംസാഹാരം എന്ന വാശിയിൽ.

പൂത്താങ്കീരികൾ കൂട്ടം കൂട്ടമായി തത്തിക്കളിച്ചും ഒച്ച വെച്ചുമാണ് ഓണത്തിനെ വരവേൽക്കുന്നത്. എപ്പോഴും ബഹളം വെക്കുന്നതുകൊണ്ടാകാം. അവറ്റയെ സ്കൂളിലൊന്നും ചേർക്കാത്തത്.

ഊഞ്ഞാലാട്ടമില്ലാതെ ഓണമുണ്ടോ?

ഓലഞ്ഞാലി അതാ ഓണോഞ്ഞാലിൽ ആടിക്കളിക്കുന്നു. ഊഞ്ഞാലാട്ടം ഓലത്തുമ്പിലാണെന്നു മാത്രം. ശരിക്കും നമ്മൾ കുട്ടികൾ ഊഞ്ഞാലാട്ടം പോലെ തന്നെ! മൈന കണ്ണെഴുതിയത് സ്വർണം കൊണ്ടാണ്. തത്തയോ? പുതുപുത്തൻ ചുവപ്പുനാട കഴുത്തിൽ ചുറ്റിയിരിക്കുന്നു. ഓണക്കോടിയായി കിട്ടിയതാവണം. ചുണ്ടൊക്കെ ചുവപ്പിച്ച് സുന്ദരിയായാണ് നിൽക്കുന്നത്.



എല്ലാവരും സന്തോഷിക്കുന്ന സമയമല്ലേ, ഓണം? എന്നിട്ട് ചെമ്പോത്തിനെ കണ്ടോ, ദേഷ്യം പിടിച്ച് കണ്ണു ചുവപ്പിച്ച് നടക്കുന്നു! ദേഷ്യം പിടിക്കാൻ എന്തുണ്ടായി? ആർക്കറിയാം?

വെള്ളയും കറുപ്പും കലർന്ന സുന്ദരി വണ്ണാത്തിപ്പുള്ള് ഓണാഘോഷം എത്ര വരെയായി എന്ന് വീക്ഷിച്ച് പറന്നു പോയി. അപ്പോഴാണ് കാക്കത്തമ്പുരാട്ടി മറ്റു കിളികളുടെ പിന്നാലെ വച്ചടിച്ച് വന്നത്. പേടിപ്പിക്കാനോ? പിടിച്ചു തിന്നാനോ? എപ്പോഴും കിളികളുടെ പിന്നിൽ വച്ചു പിടിക്കുന്നതു കൊണ്ടാണോ ആവോ, കാക്കത്തമ്പുരാട്ടി എന്ന പേരു വന്നത്? ഈർക്കിലുകളിൽ കൊടികെട്ടിയ പോലെ അധികാരത്തിന്റെ രണ്ട് അടയാളമുണ്ട് വാലിൽ. തമ്പുരാട്ടി ആണെങ്കിലും കാക്കയോളം വലിപ്പമില്ല കാക്കത്തമ്പുരാട്ടിക്ക്!

ഓണത്തിനെത്തുന്ന തുമ്പികളെല്ലാം ഒരു പോലെയല്ല. നേർത്ത് മെല്ലിച്ച ഒരു തരം തുമ്പികൾ. ചുവന്ന ശരീരമുള്ള മറ്റൊരു തരം തുമ്പികൾ. അതിനെ ആനത്തുമ്പികൾ എന്നാണ് വിളിക്കുക. മൂപ്പർ കൊതുക വേട്ടക്കാരനാണത്രെ! ഡെങ്കിപ്പനി, മലമ്പനി, ചിക്കൻ ഗുനിയ, മന്ത്, മഞ്ഞപ്പനി തുടങ്ങിയ രോഗങ്ങളെ നമ്മിൽ നിന്ന് അകറ്റുന്ന ഈ തുമ്പി നമ്മുടെ ചങ്ങാതി തന്നെ.

ചിത്രീകരണം : **സായന്ത് വിജയൻ,** 3, വിദ്യാത്മിക സ്കൂൾ, പെരുമണ്ണ, കോഴിക്കോട്.

Date of Publication : 25/12/2019 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS